# 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇല്ല. ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. സമയകൃത്യത പാലിക്കാൻ ഡിബേറ്റിൽ പങ്കെടുക്കുന്ന അംഗങ്ങൾ തയ്യാറാകണമെന്ന അപേക്ഷയാണ് ചെയറിനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ സങ്കീർണ്ണമായ സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിലും കേരളത്തെ പതറിപ്പോകാതെ മുന്നോട്ട് നയിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമായും കോവിഡുകാലത്തെ അതിരൂക്ഷമായ പ്രതിസന്ധിയുടെ ഭാഗമായും നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളെല്ലാം ഒരുപാട് പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. കേരളത്തോടുള്ള കേന്ദ്രത്തിന്റെ വൈരനിര്യാതന ബുദ്ധിയോടുകൂടിയ നയത്തിന്റെ ഭാഗമായി കേരളം കൂടുതൽ പ്രയാസം അനുഭവിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. സാമൂഹ്യക്ഷേമപരമായി ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്യുന്ന സംസ്ഥാനമാണ് കേരളം. കോൺഗ്രസ് ഭരിച്ചപ്പോഴും പിന്നീട് ബി.ജെ.പി. ഭരിച്ചുകൊണ്ടിരിക്കുമ്പോഴും ജനസാമാന്യത്തിന്റെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുക എന്നതായിരുന്നില്ല കേന്ദ്രനയം. നമ്മുടെ വളർച്ചാനിരക്കുപോലും

ജനസാമാന്യത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടല്ല കാണിക്കാറുള്ളത്. ഉപഭോഗകേന്ദ്രീകൃതമായിട്ടുള്ള ഒരു നയം സ്വീകരിക്കാൻ കേന്ദ്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. നിക്ഷേപ കേന്ദ്രീകൃതമായിട്ടുള്ള നയം സ്വീകരിക്കുന്നതിന്റെ ഭാഗമായിത്തന്നെ വൻകിട കോർപ്പറേറ്റുകളുടെ നിക്ഷേപവും വരുമാനവും വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ വരുമാനത്തിലുള്ള അന്തരം അതിനേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണക്കാർ കൂടുതൽ പാപ്പരാകുന്നു. അവരുടെ ദാരിദ്ര്യം വർദ്ധിക്കുന്നു. രാജ്യത്തിന്റെ സുസ്ഥിരതതന്നെ തകരുന്ന രീതിയിലാണ് ദാരിദ്ര്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇപ്പോൾ മണിപ്പൂരിൽ നടക്കുന്ന കലാപത്തിൽപോലും ബി.ജെ.പി. സർക്കാർ കാണിക്കുന്ന വർഗ്ഗീയ സമീപനത്തിന്റെ ഒരു ഭാഗമുണ്ട്. അതോടൊപ്പം വനമേഖലകളിൽ താമസിക്കുന്ന മനുഷ്യരുടെ കടുത്ത ജീവിതപ്രശ്നവും അതിന്റെ ഭാഗമായിട്ടുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ആ നയം സംസ്ഥാന ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയില്ല. ഏറ്റവും കൂടുതൽ ക്ഷേമപദ്ധതികൾക്ക് പണം വിനിയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ അതിനനുസരിച്ചുള്ള നികുതി വിഹിതം കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭ്യമാകുന്നില്ല. അധികാര

കേന്ദ്രീകരണമാണ് കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് നടത്തുന്നത്. യഥാർത്ഥത്തിൽ ഈ സഭയിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുനിന്ന് അതിശക്തമായി കേന്ദ്രത്തിന്റെ ഈ നീക്കത്തെ എതിർത്തില്ലെങ്കിൽ വരാനിരിക്കുന്നത് വളരെ ഭയാനകമായ ഒരു കാലഘട്ടമായിരിക്കും. എന്നാൽ സംസ്ഥാന ഗവൺമെന്റിനെ കേവലമായി എതിർക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ കഴിഞ്ഞ ദിവസങ്ങളിലെല്ലാം പ്രതിപക്ഷം സംസാരിച്ചത്. ഇതേ കാര്യങ്ങൾതന്നെയാണ് ഈ സഭാതലത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി നമ്മൾ ചർച്ച ചെയ്യുന്നത്. അതിൽ കേന്ദ്ര ഗവൺമെന്റിനെതിരായി ശക്തമായ വിമർശനമല്ല സംസ്ഥാന ഗവൺമെന്റിനെ ആക്രമിക്കുകയെന്ന രീതിയാണ് പ്രതിപക്ഷം പിന്തുടർന്ന് കണ്ടത്. അത് ഖേദകരമായ വസ്തുതയാണ്. ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുന്നതുമുതൽ അധികാരം കേന്ദ്രത്തിലേയ്ക്ക് കേന്ദ്രീകരിക്കാനുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ സമീപനത്തെ നമ്മൾ ഭയത്തോടുകൂടി കാണേണ്ടതുണ്ട്. സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലേയ്ക്ക് അവർ ഇടപെടുകയാണ്. സംസ്ഥാന സർക്കാരുകളുടെ അധികാരപരിധിയിലുള്ള വകുപ്പുകളിൽപ്പോലും സംസ്ഥാന സർക്കാരുമായി

ചർച്ച ചെയ്യാതെ ഇടപെടുന്ന കാഴ്ച നമ്മൾ കാണുന്നു. കൺകറന്റ് ലിസ്റ്റിലുള്ള വകുപ്പുകളിൽപോലും നേരിട്ട് കേന്ദ്ര ഗവൺമെന്റ് ഇടപെടുന്ന രീതിയുണ്ട്. ജി.എസ്.ടി.-യുടെ ഭാഗമായി സംസ്ഥാനങ്ങളുടെ സ്വതന്ത്രമായ വിഭവസമാഹരണശേഷി നഷ്ടമായിരിക്കുകയാണ്. എല്ലാം കേന്ദ്രത്തിലേയ്ക്ക് എന്നതാണ് ഇവിടത്തെ സമീപനം. ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ജി.എസ്.ടി. നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞെങ്കിലും അതിന്റെ കാലാവധി ദീർഘിപ്പിക്കാനുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായില്ല. നികുതി വരുമാനം ശാസ്ത്രീയമായി പങ്കിടുന്നില്ലെന്ന് നിരവധി തവണ ആവശ്യപ്പെട്ടതാണ്. സർക്കാരിയ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നില്ല. അതുപോലെ പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ച് 42 ശതമാനം നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകേണ്ടതാണ്. എല്ലാ നികുതികളും കേന്ദ്രത്തിലേയ്ക്ക്, അതിന്റെ പദ്ധതി വിഹിതം നമുക്ക് നികുതി വിഹിതമായിട്ടാണ് ലഭ്യമാകുന്നത്. ഈ രാജ്യത്തിലെ രാജ്യരക്ഷപോലെയുള്ള ചെലവുകൾ നിർവ്വഹിക്കാൻ സ്വാഭാവികമായും സംസ്ഥാന ഗവൺമെന്റുകൾ സ്വരൂപിക്കുന്ന നികുതി കേന്ദ്രത്തിന് വിഹിതമായി കൊടുക്കേണ്ടതുണ്ട്. അതാണ് ആരോഗ്യകരമായ

ഫെഡറലിസം. എന്നാൽ ഇന്ന് നമ്മുടെ രാജ്യത്തുള്ളത് ആരോഗ്യകരമായ ഡെമോക്രാറ്റിക് ഫെഡറലിസമല്ല, കേന്ദ്രീകൃതമായ ഏർപ്പാടാണ്. 70 ശതമാനം നികുതി വിഹിതമെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തിരിച്ചുനൽകേണ്ടതാണ്. കാരണം ജനങ്ങളുടെ ജീവിതപ്രവർത്തനവുമായി ബന്ധപ്പെട്ട 70 ശതമാനത്തിലേറെ ചെലവും സംസ്ഥാന ഗവൺമെന്റുകൾ തന്നെയാണ് നിർവ്വഹിക്കേണ്ടത്. മറ്റ് റവന്യൂ വരുമാനം അധികം സമാഹരിക്കാൻ കഴിയാത്ത ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് അത്രയും നികുതിവിഹിതം നമുക്ക് നൽകാൻ ധാർമ്മികമായ ഉത്തരവാദിത്വമുണ്ടെങ്കിലും അത്രയും നമ്മൾ ചോദിക്കുന്നില്ല. 50 ശതമാനമെങ്കിലും സംസ്ഥാന ഗവൺമെന്റുകൾക്ക് നികുതി വിഹിതമായി നൽകേണ്ടതാണ്. 42 ശതമാനം നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകണമെന്നാണ് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത്. പക്ഷെ 2021-22-ൽ 33 ശതമാനമാണ് ലഭ്യമായത്. 2022-23-ൽ അത് 31 ശതമാനമായി കുറച്ചു. 2023-24-ൽ അത് 30 ശതമാനമായി കുറച്ചു. തുടർച്ചയായി സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം കുറച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന

വിഹിതം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എല്ലാ പദ്ധതികളെയും കേന്ദ്രാവിഷ്കൃത പദ്ധതിയായി മാറ്റുന്നത് ഫെഡറലിസത്തിനും ജനാധിപത്യത്തിനും വിരുദ്ധമാണ്. അധികാര വികേന്ദ്രീകരണ നിയമവും പഞ്ചായത്തീരാജ്-നഗരപാലിക നിയമവുമൊക്കെ വന്നതിനുശേഷവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം കൂടുകയാണ്. ആ പദ്ധതികളിലെ സംസ്ഥാന വിഹിതവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 80 ശതമാനം കേന്ദ്രവിഹിതവും 20 ശതമാനം സംസ്ഥാന വിഹിതവുമായി (80:20) ആരംഭിച്ച ചില പദ്ധതികൾ കുറച്ചുകൊണ്ടുവന്ന് 75:25 ആക്കി. അതിപ്പോൾ കുറച്ച് സംസ്ഥാനങ്ങളുടെ വിഹിതം 60 ശതമാനമാക്കി മാറ്റുന്ന അവസ്ഥയിലേയ്ക്ക് വീണ്ടും പല പദ്ധതികളും വന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ കേരളം വളരെ സമർത്ഥമായി കാര്യങ്ങൾ കൈകാര്യം ചെയ്തതിന്റെ ഭാഗമായി മനുഷ്യവികസനശേഷിയിൽ വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ സാധിച്ചു. വികേന്ദ്രീകൃതമായിട്ടുള്ള ആസൂത്രണവും people centred ആയിട്ടുള്ള പദ്ധതികളും ആവിഷ്കരിച്ചുകൊണ്ടാണ് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലൊക്കെ വമ്പിച്ച നേട്ടമാണുണ്ടാക്കിയത്. കേന്ദ്ര ഗവൺമെന്റ് വേണ്ടത്ര പണം നൽകിയിരുന്നുവെങ്കിൽ സംസ്ഥാനത്തിന്

കടമെടുക്കേണ്ടതായി വരുമായിരുന്നില്ല. എന്നാൽ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ കടമെടുത്തേ മതിയാകുകയുള്ളൂ. കേരളം മാത്രമല്ല, കേന്ദ്ര ഗവൺമെന്റും കടമെടുത്താണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്. കാരണം വൻകിട കോർപ്പറേറ്റുകൾക്ക് എല്ലാ സ്വാതന്ത്ര്യവും നൽകികൊണ്ട് ഗവൺമെന്റ് ട്രഷറിയിലേയ്ക്ക് വരേണ്ട പണം മുഴുവൻ കോർപ്പറേറ്റ് ഖജനാവിലേയ്ക്ക് ഒഴുക്കുകയാണ്. എൽ.ഐ.സി.-യുടെ ഷെയർ അദാനിക്ക് നൽകുകയെന്ന് പറഞ്ഞാൽ എൽ.ഐ.സി. മുഖേന ഗവൺമെന്റ് ട്രഷറിയിലേയ്ക്ക് വരേണ്ട ലാഭവിഹിതം പൂർണ്ണമായും ലഭിക്കുന്നില്ലെന്നാണ് അർത്ഥം. എന്നാൽ അക്കാര്യം ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാനല്ല, കൂടുതൽ കടുത്ത നടപടി സ്വീകരിച്ചുകൊണ്ട് കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കയ്യിലും പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പണമില്ല. ജൽജീവൻ മിഷൻപോലുള്ള കാര്യങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിന് പുറത്തുനിന്നും കടമെടുത്തിരിക്കുകയാണ്. അത്തരത്തിലുള്ള വായ്പ സംസ്ഥാന ഗവൺമെന്റ് എടുക്കുമ്പോൾ അത് പൊതുകടത്തിന്റെ ഭാഗമാകുന്നു. എന്നാൽ ജൽജീവൻ മിഷനുൾപ്പെടെയുള്ള പദ്ധതികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ള

കടത്തെ പൊതുകടത്തിന്റെ ഭാഗമായി കാണുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ വായ്പാ പരിധി വെട്ടിക്കുറയ്ക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന എടുത്തിട്ടുള്ളതും ക്ഷേമപദ്ധതികൾക്കുവേണ്ടി എടുത്തിട്ടുള്ളതുമായ കടങ്ങളെയുംകൂടി പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുണ്ടായത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരവധി പ്രാവശ്യം കേന്ദ്രത്തിന് എഴുതിയിട്ടുണ്ടെങ്കിലും ഫലമുണ്ടായിട്ടില്ല. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതിനെ സംബന്ധിച്ചെല്ലാം സഭാതലത്തിൽ നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന്റെ കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വലിയ തോതിലുള്ള ഞെരുക്കം നമുക്ക് അനുഭവപ്പെടുകയാണ്. റബ്ബറിന്റെ വിലക്കുറവ് സംബന്ധിച്ച വിഷയങ്ങളൊക്കെ സഭാതലത്തിൽ ചർച്ച ചെയ്തു. യഥാർത്ഥത്തിൽ ആസിയാൻ കരാറിൽ ഒപ്പിടുന്ന സമയത്തുതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അത് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗിച്ചപ്പോൾ, റബ്ബറിന്റെ ഇറക്കുമതിയെ സംബന്ധിച്ചൊക്കെ പറഞ്ഞത് അംഗീകരിക്കുന്നു. അതിലുണ്ടായിട്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞു. റബ്ബറും സിന്തറ്റിക് റബ്ബറുമടക്കം ഇറക്കുമതി ചെയ്യാനുള്ള അനുവാദം ലഭിച്ചത് ഫ്രീ

ട്രേഡ് എഗ്രിമെന്റ് ഒപ്പിട്ടതിന്റെ ഭാഗമായാണ്. നമ്മൾ വളരെയേറെ ശ്രദ്ധിക്കേണ്ട വിഷയമാണത്. അതെല്ലാം മുഖേനയുണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ പണം ലഭ്യമായിട്ടില്ലെങ്കിൽ എങ്ങനെയാണ് അത് പരിഹരിക്കുന്നത്. അതിനാൽ തർക്കത്തിന്റെ വിഷയമല്ല, കൂട്ടായി ഇടപെടേണ്ട വിഷയമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഒറ്റ വാചകംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഗവൺമെന്റ് നടപ്പിലാക്കുന്ന നിരവധി നല്ല പദ്ധതികളുടെ ഭാഗമായാണ് പല അംഗീകാരങ്ങളും ലഭിക്കുന്നത്. നേരത്തെ എന്റെ സുഹൃത്തായ ശ്രീ. എ. പി. അനിൽ കുമാർ സംസാരിക്കുമ്പോൾ പി.ആർ. വർക്ക് നടത്തിയെന്ന് പറഞ്ഞു. അങ്ങനെയൊന്നും നടത്തിയിട്ടില്ല. അങ്ങനെ നടത്തിയാൽ ഒരു പ്രശസ്തിയും ലഭിക്കില്ല. അങ്ങനെ പ്രശസ്തി ലഭിച്ചാൽതന്നെ അത് സോപ്പ് കുമിളപോലെ പൊട്ടിപോകും. അതുകൊണ്ട് സർക്കാർ നടത്തുന്ന നല്ല പദ്ധതികളെ നല്ല മനസ്സോടെ പ്രതിപക്ഷവും അംഗീകരിക്കുകയും സഹകരിക്കുകയും ചെയ്യണം. നമുക്കൊരുമിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനോട് പ്രതികരിക്കണം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു.

## Visit of Canadian Delegates

Mr. Speaker: For the attention of Members who are sitting in the floor. There is a Canadian delegation sitting in the Distinguished Visitor's gallery. Mr. Ranj Pillai is leading the team from Canada those who are sitting in the D.V. Gallery. Mr. Ranj Pillai has roots in Kerala and his parents were from Alleppey. Now he is the 'Premier of Yukon'. Premier means, it is equivalent to our Chief Minister. So on behalf of the Kerala Legislative Assembly, I welcome Mr. Ranj Pillai and his delegates.

Thank you.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ മുൻമന്ത്രിയായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞത്, കേന്ദ്രം

വൈരനിര്യാതന ബുദ്ധിയോടുകൂടി കേരളത്തെ സമീപിക്കുന്നുവെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അത് പറഞ്ഞുകൊണ്ടിരിക്കുന്നു. നാല് മാസങ്ങൾക്കുമുമ്പാണ് എന്റെ ജില്ലയുടെ അതിർത്തി പങ്കിടുന്ന കർണ്ണാടകയിൽ ഇന്ത്യയിൽ നിലപാട് പറഞ്ഞ് ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നത്. വിദ്വേഷത്തിന്റെ മാർക്കറ്റിൽ സ്നേഹത്തിന്റെ കടതുറക്കാൻ ആഹ്വാനം ചെയ്ത ശ്രീ. രാഹുൽ ഗാന്ധിയുടെ കരങ്ങൾക്ക് ശക്തിപകർന്നുകൊണ്ട് ദക്ഷിണേന്ത്യയിൽ ഒരു ബി.ജെ.പി. മുക്ത ഗവൺമെന്റ് അധികാരത്തിൽ വന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ധാരാളം കുട്ടികളും ആളുകളും ദിവസേന പല ആവശ്യങ്ങൾക്കായി മംഗലാപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. (കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ) ബസ്സിലാണ് പോകുന്നത്. മലയാളിയായ ശ്രീ. യു. ടി. ഖാദർ കർണ്ണാടകയിലെ നിയമസഭാ സ്പീക്കറാണ്. എന്റെ നാട്ടിലുള്ള ലക്ഷ്മിയക്ക കർണ്ണാടകയിലെ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറിയപ്പോൾ കണ്ടക്ടർ ടിക്കറ്റ് കൊടുത്തു. മൂന്ന് കിലോമീറ്റർ അപ്പുറത്തുള്ള ശ്രീ. യു. ടി. ഖാദറിന്റെ മണ്ഡലത്തിൽനിന്നും കയറിയ സരസ്വതിയക്കയോട് കണ്ടക്ടർ പറഞ്ഞത്, നിങ്ങൾക്ക് യാത്ര സൗജന്യമാണെന്നാണ്. എന്റെ

മണ്ഡലത്തിലെ കുട്ടികളുടെകൂടെ കർണ്ണാടകയിലെ കുട്ടികളും പഠിക്കുന്നുണ്ട്. കർണ്ണാടകയിൽ ഡിഗ്രി കഴിഞ്ഞ കുട്ടികൾക്ക് 3,000 രൂപയും ഡിപ്ലോമ കഴിഞ്ഞ കുട്ടികൾക്ക് 1,500 രൂപയുമാണ് സിദ്ധരാമയ്യ ഗവൺമെന്റ് നൽകുന്നത്. കൂടാതെ പത്തുപേരുള്ള ഒരു വീട്ടിൽ അന്നഭാഗ്യ പദ്ധതിയിലൂടെ ഓരോ ആളുകൾക്കും പത്ത് കിലോഗ്രാം വീതം അരി, 200 യൂണിറ്റ് സൗജന്യ വൈദ്യുതി, മികച്ച കുടുംബിനിക്ക് 2,000 രൂപ എന്നിവ സൗജന്യമായി നൽകുന്ന പദ്ധതികളിലൂടെ ഒരു ഗവൺമെന്റ് നമ്മുടെ രാജ്യത്ത് ഭരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥും പ്രിയപ്പെട്ട റോജി എം. ജോണുമടക്കം ഞങ്ങൾ തെരഞ്ഞെടുപ്പുസമയത്ത് അവിടെ സജീവമായി പ്രവർത്തിച്ചിരുന്നു. ശ്രീ. വി. ഡി. സതീശനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും ശ്രീ. രമേശ് ചെന്നിത്തലയുമടക്കമുള്ളവർ അവിടെ തെരഞ്ഞെടുപ്പ് പ്രചരണത്തിനുണ്ടായിരുന്നു. നിലപാട് പറഞ്ഞുകൊണ്ട് ഇന്ത്യയിൽ അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണത്. തെരഞ്ഞെടുപ്പിന്റെ മൂർദ്ധന്യത്തിൽ നിൽക്കുമ്പോൾ ശ്രീ. കെ. സിദ്ധരാമയ്യയും ശ്രീ. ഡി. കെ. ശിവകുമാറും ഞങ്ങൾ അധികാരത്തിൽ വന്നാൽ ബജ്റംഗദളിനെ നിരോധിക്കുമെന്നാണ് പറഞ്ഞത്. കർണ്ണാടകയിൽ ബി.ജെ.പി.യുടെ

ആദ്യത്തെ ഗവൺമെന്റ് ആദ്യം രണ്ടര ലക്ഷം കോടി രൂപ കടം വാങ്ങി, ബസവരാജ് ബൊമ്മെ ഗവൺമെന്റ് രണ്ടാമത് അധികാരത്തിൽനിന്നും ഇറങ്ങുമ്പോൾ അഞ്ചര ലക്ഷം കോടി രൂപ കടം വാങ്ങി, ആ കടം ആ സംസ്ഥാനത്തെ ജനങ്ങളുടെ തലയിൽ വച്ചിട്ടാണ് അധികാരത്തിൽനിന്നും ഇറങ്ങുന്നത്. സിദ്ധരാമയ്യയുടെ ഗവൺമെന്റ് നൽകുന്ന സൗജന്യങ്ങളൊന്നും എന്റെ സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ  നമ്മൾ അതെല്ലാം കണ്ട് പഠിക്കണം. എപ്പോഴും ഫണ്ടില്ലെന്നും ബി.ജെ.പി. ദ്രോഹിക്കുന്നുവെന്നും പറയുമ്പോൾ, ബി.ജെ.പി. ഏറ്റവും കൂടുതൽ ദ്രോഹിക്കേണ്ടത് കർണ്ണാടകയിലെ സർക്കാരിനെയല്ലേ; ആ സർക്കാരിനെയല്ലേ അവർ നിരോധിക്കേണ്ടത്; ശ്രീ. ഡി. കെ. ശിവകുമാറിനെ ഇ.ഡി.-യെകൊണ്ട് പേടിപ്പിക്കുകയും സി.ബി.ഐ.-യെക്കൊണ്ട് ദ്രോഹിക്കുകയും ചെയ്ത് കൽത്തുറങ്കിൽ അടച്ചു. ആ മനുഷ്യൻ നിലപാടിലൂടെ വളരെ മനോഹരമായി..... ബി.ജെ.പി. ഭരിക്കുന്ന ഗുജറാത്തുപോലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടക സംസ്ഥാനത്തെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയുന്നത്,  കർണ്ണാടകയിൽ ഫിനാൻസ്

മുഖ്യമന്ത്രിയുടെ കയ്യിലാണ്....(ബഹളം)... കർണ്ണാടകയിൽനിന്നും പഠിച്ച് കേരളത്തിന്റെ ഇല്ലായ്മയ്ക്ക് ഒരറുതിവരുത്തണമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർണ്ണാടകയിലെ തെരഞ്ഞെടുപ്പിനുശേഷം ചേരുന്ന കേരളത്തിലെ നിയമസഭാ സമ്മേളനമെന്ന നിലയ്ക്ക് കേരള നിയമസഭയിലെ കന്നഡക്കാരനായ ഒരു എം.എൽ.എ. എന്ന നിലയ്ക്കും കേരളത്തിന്റെ കവാടത്തിൽ കാൽനൂറ്റാണ്ടുകാലമായി ബി.ജെ.പി.-യെ തോൽപ്പിച്ചുവരുന്ന എന്റെ പൂർവ്വികരുടെ ഒരു പിൻഗാമിയെന്ന നിലയ്ക്ക് ...........(കന്നഡയിൽ സംസാരിച്ചു)........................

നമ്മളെ സംബന്ധിച്ചിടത്തോളം ട്രഷറി നിയന്ത്രണമുണ്ട്. പെൻഷനും ശമ്പളവും കൊടുക്കാൻ മാത്രമേ കേരളത്തിന്റെ മുമ്പിൽ വഴിയുള്ളൂ. ശ്രീ. കെ. സിദ്ധരാമയ്യയോടും ശ്രീ. ഡി. കെ. ശിവകുമാറിനോടും കേരളത്തിലെ മന്ത്രിമാർ ആശയവിനിമയം നടത്തണമെന്നാണ് ഈ പ്രസംഗം അവസാനിപ്പിക്കുമ്പോൾ എനിക്ക് വീണ്ടും പറയാനുള്ളത്. അപ്പോൾ അവർ പറഞ്ഞുതരും. ഗൃഹജ്യോതി, അന്നഭാഗ്യ, ഗൃഹലക്ഷ്മി, യുവനിധി എന്നീ പദ്ധതികൾ കേരളത്തിൽ നടപ്പാക്കേണ്ട, എന്നാൽ നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി നിരക്കും വെള്ളക്കരവും കൂട്ടുന്നത് നിർത്തലാക്കണം. നമ്മുടെ

സംസ്ഥാനത്തെ ജനങ്ങളെ ദ്രോഹിക്കുന്ന ഈ നിലപാടിൽനിന്നും പിൻമാറണം.

മി. സ്പീക്കർ: പ്ലീസ്...........പ്ലീസ്........

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തൊട്ടടുത്താണ് ഈ സ്റ്റേറ്റ്, എന്തിനാണ് വെസ്റ്റ് ബംഗാളിലേയ്ക്ക് നോക്കുന്നത്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

മി. സ്പീക്കർ: കന്നഡ പരിഭാഷകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. മുമ്പെങ്ങും കാണാത്ത രീതിയിൽ കേന്ദ്രം കേരളത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങളും കേന്ദ്ര ഫണ്ടുകളും വെട്ടിക്കുറച്ചുകൊണ്ടാണ് കേരള ജനതയെ വരിഞ്ഞുമുറുക്കിയിരിക്കുന്നത്. പ്രിയപ്പെട്ട സുഹൃത്തായ ശ്രീ. എ. കെ. എം. അഷ്റഫ് കന്നഡ ഭാഷയിൽ ഇവിടെ സംസാരിച്ചു. എന്നാൽ ശ്രീ. കെ. സിദ്ധരാമയ്യയോട് നിങ്ങൾ എത്ര പേർക്ക്

സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നുവെന്ന ഒരൊറ്റ ചോദ്യം ചോദിച്ചാൽ മതി അദ്ദേഹം കീഴടങ്ങാൻ. മറ്റൊന്നും വേണ്ട, വളരെ നിസ്സാരം പേർക്ക് ഏതെങ്കിലും വിധത്തിലുള്ള സൗജന്യം നൽകുന്നതിന്റെ മേന്മ പറയാൻ കേരളത്തിലെ നിയമസഭ ഉപയോഗിക്കേണ്ടതുണ്ടോയെന്നാണ് എനിക്ക് ഏറ്റവും വിനയപൂർവ്വം അദ്ദേഹത്തോട് ചോദിക്കാനുള്ളത്. വരുമാനവും വരവുമെല്ലാം കേന്ദ്രത്തിന്, ചെലവുകളെല്ലാം സംസ്ഥാനത്തിന് എന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ആകെ വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്രത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ ചെലവിന്റെ കാര്യത്തിൽ 62.4 ശതമാനം സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമായി മാറുകയാണ്. ജി.എസ്.ടി. വരുമാനത്തിന്റെ നേർപകുതിയിലധികം കേന്ദ്രത്തിനാണ്. ഇത് രാജ്യത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. രാജ്യം ജി.എസ്.ടി. സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാന സർക്കാരുകൾക്ക് സ്വന്തം നികുതി വരുമാനത്തിൽ 55 ശതമാനം നഷ്ടം, കേന്ദ്രത്തിന് കേവലം 28 ശതമാനം. ജി.എസ്.ടി. കൊണ്ടുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ജി.എസ്.ടി നഷ്ടപരിഹാരം

നൽകിവരുന്നത് 2022 ജൂൺ 30 ഓടുകൂടി അവസാനിപ്പിക്കുമെന്ന് കേന്ദ്രം പറഞ്ഞിരിക്കുകയാണ്. കേരളമാർജ്ജിച്ച നേട്ടങ്ങളെല്ലാം ഒരുപക്ഷെ വികസിത രാജ്യത്തിന് തുല്യമാണെന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ ഈ വികസന നേട്ടങ്ങളെല്ലാം ഫണ്ട് നൽകുന്നതിന് കുറവ് വരുത്തുന്നതിനുള്ള അളവുകോലായി കേന്ദ്രം കരുതുന്നത് നമ്മൾ കാണേണ്ടതല്ലേ? എന്തുകൊണ്ടാണ് നമുക്ക് ഇത്തരത്തിലുള്ള പല പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നത്. കൊച്ചുകുഞ്ഞുങ്ങളുടെ ഉച്ചക്കഞ്ഞിക്ക് പോലുമുള്ള തുക നൽകാതിരിക്കാനുള്ള ശ്രമം നടത്തുന്നു. എന്തിനേറെ പറയുന്നു, ഈ ഫെസ്റ്റിവൽ സീസണിൽപ്പോലും കേരളത്തിനാവശ്യമായ ഭക്ഷ്യധാന്യം നൽകാൻ കേന്ദ്രം ശ്രദ്ധിക്കുന്നുണ്ടോ? ഇവയൊക്കെ പറയാൻ, ഏതെങ്കിലുമൊരർത്ഥത്തിൽ ഇതിനെല്ലാം ഉത്തരം പറയാൻ, ഒരുമിച്ച് നിൽക്കാൻ ഇവിടുത്തെ പ്രതിപക്ഷം തയ്യാറാകുന്നുണ്ടോ? പ്രിയപ്പെട്ടവരെ, ആസന്നമായ 2024 ലോകസഭാ തെരഞ്ഞെടുപ്പിൽ നമ്മുടെ രാജ്യത്തെ സാമ്പത്തിക തകർച്ച, വിലക്കയറ്റം, ദാരിദ്ര്യം അഴിമതി, തൊഴിലില്ലായ്മ, അതിസമ്പന്നർക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം ചർച്ചയാകുമെന്ന് കേന്ദ്ര ഗവൺമെന്റിന്, സംഘപരിവാറിന്, ബി.ജെ.പി.-ക്ക് ഉറപ്പായി. അതുമറച്ച്

വയ്ക്കുന്നതിന് ജനങ്ങളെയും രാഷ്ട്രത്തെയും ഭിന്നിപ്പിക്കുന്നതിനും ചോരപ്പുഴ ഒഴുക്കുന്നതിനും ഈ രാജ്യത്തിന്റെ ഭരണം എങ്ങനെയും പിടിക്കണമെന്ന ദുരാഗ്രഹത്തോടുകൂടി വിവാദവുമായി എത്തുകയാണ്. ഇപ്പോൾ പുതിയതായി പറയുന്നത്, ഇന്ത്യക്ക് പകരം ഭാരതം മതിയെന്നാണ്. ഇന്നാട്ടിലെ എല്ലാ പൗരന്മാർക്കും ഭാരതവും ഇന്ത്യയും ഒരുപോലെ സ്വീകാര്യമാണ്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 1 അതിന് അവകാശവും നൽകിയിരിക്കുന്നു. ഇന്ത്യയ്ക്കുപകരം ഭാരതം എന്നാക്കിയാൽ നമ്മുടെ പൊതുഖജനാവിനുണ്ടാകാൻ പോകുന്ന നഷ്ടം സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; പ്രധാനമായും നമ്മുടെ രൂപ വിനിമയത്തെ അത് എങ്ങനെ ബാധിക്കും; റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇറക്കുന്ന കറൻസിയിൽ 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യ' എന്നതിന് പകരം 'റിസർവ് ബാങ്ക് ഓഫ് ഭാരത്' എന്ന് പറയേണ്ടി വരുമോ; മറ്റൊരു നോട്ട് നിരോധനത്തിലേക്ക് രാജ്യം പോകുമോ; നോട്ട് ദൗർലഭ്യമുണ്ടാകുമോ; പാസ്പോർട്ട്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് ഉൾപ്പെടെയുള്ള ഇന്ത്യയിലെ 140 കോടി ജനങ്ങൾ ദിനംപ്രതി ഉപയോഗിക്കുന്ന ആയിരക്കണക്കിന് ഔദ്യോഗിക രേഖകൾ നമുക്ക് മാറ്റേണ്ടി വരുമോ? കോടിക്കണക്കിന് വരുന്ന സർക്കാർ രേഖകൾ ഈ മാറ്റം സാധ്യമാക്കേണ്ടി

വരുമോ? ഇങ്ങനെ നിരവധിയായ കാര്യങ്ങളാണ് ചിലപ്പോൾ ഒരുപക്ഷേ ഒരു പേര് മാറ്റംകൊണ്ട് മാത്രം സംഭവിക്കാൻ പോകുന്നത്. പാഠപുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, ചരിത്ര രേഖകൾ എന്നിവയിലൊക്കെ മാറ്റം സംഭവിക്കുമെന്ന് ചിലർ പറയുന്നു. അത്തരത്തിൽ എത്രയോ വിശാലമായ അർത്ഥത്തിലുള്ള മാറ്റങ്ങൾ. നമ്മുടെ നികുതി പണത്തിൽനിന്നും എത്ര ലക്ഷം കോടികൾ ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നുള്ളതാണ് നാം കാണുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. വിഭജിച്ച് ഭരിക്കുക എന്നതാണ് ബി.ജെ.പി. ആഗ്രഹിക്കുന്നത്. ബ്രിട്ടീഷുകാർ പണ്ട് നടത്തിയിരുന്ന Divide and Rule policy-യുടെ പകർപ്പാണത്. നമ്മുടെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന ആ പകർപ്പുൾപ്പെടെ നമ്മളെ എല്ലാ അർത്ഥത്തിലും വരിഞ്ഞ് മുറുക്കുന്നതിനെ, എതിർത്ത് ഒരുമിച്ച് ശബ്ദിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷത്തെ നാം കാണുന്നു. എത്ര നിസ്സാരമായിട്ടാണ് വിഢിത്തരങ്ങൾ പലതും ഇങ്ങനെ വിളിച്ചു പറയുന്നത്. ബി.ജെ.പി. നടത്തിയ ദുർഭരണം രാജ്യത്ത് ഓരോ സാധാരണക്കാരനും ചർച്ച ചെയ്യുകതന്നെ ചെയ്യും. 1857-ൽ ഒന്നാം സ്വാതന്ത്ര്യ സമരം മുതൽ 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത് വരെയുള്ള കാലങ്ങളിൽ നേരിട്ട പ്രശ്നങ്ങൾ. ഇന്ത്യയുടെ

സ്വാതന്ത്ര്യ സമരത്തിലോ മറ്റ് കാര്യങ്ങളിലോ ഒരു പങ്കുമില്ലാത്ത ആർ.എസ്.എസ്. നേതാക്കൾ ഇപ്പോൾ സ്വാതന്ത്ര്യ സമരത്തിലൂൾപ്പെടെ, ദേശസ്നേഹത്തിലൂൾപ്പെടെ, സ്വാഭിമാനത്തിലൂൾപ്പെടെ വലിയ അർത്ഥത്തിൽ മുന്നോട്ടു വരികയാണെന്ന് നമുക്കറിയാമല്ലോ? ഈ നാട്ടിലെ കൊച്ചു കുട്ടികൾക്കുവരെ അറിയുന്ന ഫോട്ടോഷോപ്പും ഗ്രാഫിക്സും എത്രതന്നെ വളർന്നാലും കാലം നിങ്ങളോട് കണക്ക് ചോദിക്കുകതന്നെ ചെയ്യും. എന്നാൽ ഈ പ്രതിസന്ധിയുടെ കാലത്ത്, നമുക്കറിയാം പെരുന്തച്ചന്റെ നയം സൃഷ്ടിക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനം ഉയർന്ന് വരുന്നുണ്ടെങ്കിൽ ആ സംസ്ഥാനത്തിനെ ഏത് വിധേനയും അമർച്ച ചെയ്യാൻ, അവരുടെ കാലടിയിൽച്ചെന്ന് നിൽക്കാൻ കഴിയുന്ന അർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് പെരുമാറുമ്പോൾ, അതിനനുസരിച്ച് എല്ലാഅർത്ഥത്തിലും വളരെ പ്രയാസകരമായ സാഹചര്യങ്ങളിൽ ബദൽ നിർദ്ദേശിക്കുന്ന തരത്തിൽ മുന്നോട്ട് പോകാൻ കഴിയുന്നൊരു ഗവൺമെന്റിനെ നാം കാണുകയാണ്. ആ അർത്ഥത്തിലെല്ലാം നമുക്ക് പിന്തുണ നൽകാൻ, ഒരുമിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി സ്വാഭിമാനം പിന്തുണയ്ക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. പ്രതിസന്ധികൾ ഒട്ടേറെയുണ്ടെങ്കിലും ആ പ്രതിസന്ധികൾക്കിടയിലും നന്നായി തോണി നയിക്കുന്നൊരു തോണിക്കാരനാണ് ഏറ്റവും പ്രഗത്ഭൻ. ആ അർത്ഥത്തിൽ പ്രതിസന്ധികൾ നന്നായിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധനകാര്യവകുപ്പ് സ്വീകരിക്കുന്ന നല്ല സമീപനം നമുക്ക് അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. രണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഇന്നലെ ഇവിടെ നടന്ന ചർച്ചയ്ക്കിടയിൽ വളരെ പ്രധാനപ്പെട്ടൊരു കാര്യം സൂചിപ്പിച്ചത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഏതാണ്ട് അമ്പതിനായിരത്തിൽപ്പരം കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്നുള്ളതാണ്. ആ കണക്ക് ശരിയായിരിക്കാം, പക്ഷേ, വിട്ടുപോയ പ്രധാനപ്പെട്ടൊരു വിഷയമുള്ളത്, പതിനഞ്ചാം ധനകാര്യ കമ്മീഷനാണ് കേരളത്തെ ഏറ്റവും കൂടുതൽ ഉപദ്രവിച്ചിട്ടുള്ളതെന്ന് കണക്കുകൾ പരിശോധിച്ചാൽ അറിയാം. കേന്ദ്ര വിഹിതം നേരത്തെ 3.50 ശതമാനമായിരുന്നത് 1.92 ശതമാനമായി വെട്ടിക്കുറച്ചു. യഥാർത്ഥത്തിൽ ഇത് ശരാശരി ഇരുപതിനായിരം കോടി രൂപ സംസ്ഥാനത്തിന്

നഷ്ടമുണ്ടാക്കുന്നൊരു കാര്യമാണ്. ഡെഫിസിറ്റ് ഗ്രാന്റ് നൽകിയെന്ന് പറയുന്നത് ശരിയാണ്. പക്ഷേ അത് കഴിഞ്ഞ അഞ്ചുവർഷം കൊണ്ടുള്ളതാണ്. ഇത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഓഫ് ബഡ്ജറ്റ് ബോറോയിംഗിനെ സംബന്ധിച്ച് ഉത്തരവിറക്കിയത് ഒരിക്കലും ശരിയായ നടപടിയല്ല. അങ്ങനെയാണെങ്കിൽ എഫ്.ആർ.ബി.എം. ആക്ടിനകത്ത് മാറ്റം വരുത്തണം. അതിന് സംസ്ഥാന ഗവൺമെന്റ് യഥാർത്ഥ്യത്തിൽ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ച് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 2022-ലെ ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കി. എന്നാൽ അതിനുശേഷവും സെസ് പിരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ സാങ്കേതികമായ വിഷയത്തിനപ്പുറത്ത്, അധാർമ്മികമായ നിലപാട് കേന്ദ്ര ഗവൺമെന്റിനുണ്ട്, അങ്ങനെ സംസ്ഥാനത്തെ ഞെരുക്കുന്ന വല്ലാത്തൊരു കാലഘട്ടത്തിലൂടെയാണ് മുന്നോട്ട് പോകുന്നത്. ഇതിനിടയിലാണ്

യഥാർത്ഥ്യത്തിൽ വളരെ പ്രധാനപ്പെട്ട പല ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് ചെലവിനുവേണ്ടിയുള്ള സപ്ലിമെന്ററി ഗ്രാന്റിന്റെ പ്രൊപ്പോസൽ ഇവിടെ സമർപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട ഈ നിയമനിർമ്മാണത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ധനവിനിയോഗം വളരെ കരുതലോടെ മുന്നോട്ടു നയിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കാനാവശ്യമായ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ അനിവാര്യമായിരിക്കുകയാണ്. സേവനക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന നമ്മുടെ സർക്കാരിന്റെ മുന്നിൽ പണം ഒരു തടസ്സമാകാതിരിക്കാനുള്ള ശ്രദ്ധ ഇതുവരെയും പുലർത്താൻ അങ്ങേയ്ക്ക് സാധിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ധനസ്ഥിതി മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. വരവ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുകയെന്ന അടിസ്ഥാന ധനതത്വം പാലിക്കാൻ അങ്ങ് ശ്രദ്ധിക്കേണ്ടതുണ്ട്. നാടിന്റെ പൊതുവായ വികസനത്തിന്

പരിഗണനയും മുൻഗണനയും ധനകാര്യ വകുപ്പിൽനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഫണ്ട് നൽകിയിട്ടും നടപ്പാക്കാൻ സാധിക്കാത്ത പല പദ്ധതികളുമുണ്ട്. അത് വകുപ്പുകളുടെ ഏകോപനമില്ലായ്മകൊണ്ടാണ്. ഏകോപനമുണ്ടെങ്കിൽ മാത്രമേ ഇതെല്ലാം പൂർണ്ണതയിലെത്തിക്കാൻ സാധിക്കൂ. ഇത് വളരെ ഗൗരവത്തോടുകൂടി കാണേണ്ടൊരു കാലഘട്ടമാണ്. ഓഖി, നിപ, പ്രളയം, കോവിഡ്, കേന്ദ്രത്തിന്റെ ഞെരുക്കൽ ഇതെല്ലാം കഴിഞ്ഞ് വീണ്ടും നാം നിപയുടെ ഭീഷണിയിലെത്തി നിൽക്കുകയാണ്. 2021-2022-ൽ ആഭ്യന്തര വരുമാനത്തിൽ 12 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. സംസ്ഥാനത്തിന്റെ കടത്തെക്കുറിച്ച് മുറവിളി കൂട്ടുന്നവർ ജി.ഡി.പി. വളർച്ചയെക്കുറിച്ച് കാണുന്നതേയില്ല. പ്രതിവർഷം അഞ്ചുലക്ഷം രൂപയുടെ ചികിത്സാ സൗകര്യമൊരുക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 42 ലക്ഷം കുടുംബങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. 20 ലക്ഷം ആളുകൾക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാവർക്കും പാർപ്പിടമുണ്ടാക്കാനുള്ള പദ്ധതിയായ ലൈഫ്, കുട്ടികൾ നിറഞ്ഞ് കവിയുന്ന പൊതുവിദ്യാലയങ്ങൾ ഇവയൊന്നും രാഷ്ട്രീയ തിമിരം

ബാധിച്ചവർക്ക് കാണാൻ സാധിക്കുന്നില്ല. നമുക്ക് മുന്നോട്ടുപോകാം, ഉള്ളത് വച്ചുകൊണ്ട് നന്നായി ധനവിനിയോഗം നടത്തി മുന്നോട്ടുപോകുമ്പോൾ, സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുപോലും അതിനെയൊക്കെ നേരിട്ടുകൊണ്ട് നല്ലരീതിയിൽ മുന്നോട്ടുപോകുന്നത് നമുക്ക് ആശയ്ക്ക് വക നൽകുന്നതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, വകുപ്പുകളുടെ ഏകോപനം ഗൗരവത്തോടുകൂടി കണ്ടുകൊണ്ട് മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് ധനവിനിയോഗ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. കേരളം ലോകത്തിന് മുമ്പിൽ മാതൃകയായ സംസ്ഥാനമാണ്. അങ്ങനെയുള്ള കേരളം കർണ്ണാടകത്തെ കണ്ട് പഠിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. എന്ത് കാര്യമാണ് കർണ്ണാടകത്തെ കണ്ട് പഠിക്കേണ്ടതെന്ന് ഞാൻ അദ്ദേഹത്തോട് വിനയത്തോടെ ചോദിക്കുകയാണ്? കേരളം നേരിട്ട എല്ലാ ദുരന്ത സാഹചര്യങ്ങളെയും കൃത്യമായി നേരിട്ട സംസ്ഥാനമാണ് ഈ കൊച്ചുകേരളം. ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണമടക്കമുള്ള നയസമീപനങ്ങൾ

നടപ്പിലാക്കി പാവങ്ങൾക്ക് ഒപ്പംനിന്ന സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ കണക്ക് പ്രകാരം 13 സ്ഥാനങ്ങളിൽ സ്ഥിരമായി ഒന്നാമതായി നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്താണ് കർണ്ണാടകത്തിൽനിന്ന് പഠിക്കേണ്ടത്? നിങ്ങൾ ഒരു കാര്യം ആലോചിക്കണം, ഓപ്പറേഷൻ ലോട്ടസ് ആദ്യമായി നടപ്പാക്കി വിജയിച്ച സംസ്ഥാനമാണ് കർണ്ണാടകം. അതാണോ ഞങ്ങൾ കണ്ട് പഠിക്കേണ്ടത്; കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർ വരിവരിയായി ബി.ജെ.പി.-യിലേയ്ക്ക് പോയത് കണ്ടുപഠിക്കാനാണോ അങ്ങ് നമ്മളെ ഉപദേശിക്കുന്നത്? ശ്രീ. എ. കെ. എം. അഷ്റഫ് ഉൾപ്പടെയുള്ള ആളുകൾക്ക് ഈ കേരളം ഒരു അഭയ സ്ഥാനമാണ്. കാരണം, കർണ്ണാടകത്തിലെ കഥ വേറെയാണ്. അവിടെ ത്രിശൂലമായി നടക്കുകയാണ്. ഹിജാബ് ധരിച്ച കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്ത നാടാണ് കർണ്ണാടകമെന്ന് ശ്രീ. എ. കെ. എം. അഷ്റഫിന് അറിയാമോ; ഈ കൊച്ചുകേരളത്തിൽ അങ്ങനെ ഭയപ്പെടേണ്ട കാര്യമില്ല. കാരണം, ഇത് സഖാവ് പിണറായി വിജയന്റെ കേരളമാണെന്ന് അങ്ങ് മനസ്സിലാക്കുന്നത് നന്നായിരിക്കും. ഓപ്പറേഷൻ ലോട്ടസിന്റെ ഭാഗമായി, ഇപ്പോൾ ശ്രീ. കെ. സിദ്ധരാമയ്യയെ കണ്ട് പഠിക്കാൻ നിങ്ങൾ പറഞ്ഞല്ലോ; അദ്ദേഹത്തിന്റെ

എം.എൽ.എ.-മാരായ 20 പേർ വരിവരിയായി ബി.ജെ.പി.-യിലേയ്ക്ക് പോകുന്ന കാഴ്ച കാണാൻ പോകുകയാണ്. അവരുടെ പേരിൽ കോടികളുമായി നിൽക്കുകയാണ്. ഓപ്പറേഷൻ ലോട്ടസ് വിജയിച്ച സംസ്ഥാനമല്ലേ കർണ്ണാടകമെന്ന് പറയുന്നത്? സൗജന്യം വാരിക്കോരി കൊടുത്തുവെന്നാണ് പറയുന്നത്. എന്ത് സൗജന്യമാണ് കൊടുത്തത്; ഈ കേരളത്തിൽ നടക്കുന്ന സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏതെങ്കിലും അവിടെ ചൂണ്ടിക്കാണിക്കാൻ കഴിയുമോ? 64 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. കർണ്ണാടകത്തിൽ കൊടുക്കുന്നുണ്ടോ; നിങ്ങൾ പറയുന്നത് അവിടെ ബസ്സിൽ എന്തോ സൗജന്യം കൊടുത്തുവെന്നാണ്. എവിടെയാണ് സൗജന്യം കൊടുത്തത്? അതാണ് ഞാൻ പറഞ്ഞത്, നീതി ആയോഗിന്റെ കണക്ക് പ്രകാരവും വിവിധ ഏജൻസികളുടെ കണക്ക് പ്രകാരവും കേരളം ഒന്നാമതായി നിൽക്കുകയാണെന്ന്. എവിടെയെങ്കിലും കർണ്ണാടകം മുമ്പിലുണ്ടോ? കേരളത്തെക്കാൾ എത്രയോ വലിയ സാമ്പത്തിക ശേഷിയുള്ള സംസ്ഥാനമാണത്. എല്ലാ വിദ്യാർത്ഥികളും സ്കൂളിൽ പോകുന്ന സംസ്ഥാനമല്ലേ ഈ കൊച്ചുകേരളം. അങ്ങനെ എത്രയോ നേട്ടങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. അതുകൊണ്ട് ശ്രീ. എ. കെ. എം. അഷ്റഫ്

വേണമെങ്കിൽ അവിടെനിന്ന് പഠിച്ചോളൂ, ഞങ്ങളാരും അവിടെനിന്ന് പഠിക്കാൻ പോകുന്നില്ല. മലയാളികൾ അവരുടെ അന്തസ്സ് ഉയർത്തിപിടിച്ചുകൊണ്ട് ഈ സംസ്ഥാനത്തെ സംരക്ഷിക്കാനുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. ഡി. കെ. ശിവകുമാർ, ശ്രീ. കെ. സിദ്ധരാമയ്യ എന്നിവരെയൊക്കെയാണ് മാതൃകാപുരുഷന്മാരായി അങ്ങ് വാഴ്ത്തിയത്. അത് ഇവിടെയിരിക്കുന്ന യു.ഡി.എഫ്. ലീഡർമാർക്കുകൂടി പറഞ്ഞുകൊടുത്താൽ മതി, ബി.ജെ.പി.-യിലേയ്ക്ക് പോകാനുള്ള തന്ത്രങ്ങൾ പഠിക്കേണ്ടത് എങ്ങനെയാണെന്ന് അങ്ങ് പഠിപ്പിച്ചുകൊടുത്താൽ മതി. ഇതാണ് എനിക്ക് ഇതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

ധനവിനിയോഗ ബില്ലിന്റെ ചർച്ചയിലേയ്ക്ക് വരുമ്പോൾ, സ്വാഭാവികമായും കേരളത്തിന്റെ സാമ്പത്തിക പ്രയാസത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. ഇവിടെ എന്താണ് നടക്കുന്നത്; ബി.ജെ.പി.-ക്കാർ പറയുന്നു, ഞങ്ങളുടെ പണമാണ് സംസ്ഥാന സർക്കാരുകൾ എല്ലാ കാര്യങ്ങൾക്കും ചെലവാക്കുന്നതെന്ന്. അത് ഇവിടെ മാത്രമല്ല എല്ലായിടത്തും. ശ്രീ. നരേന്ദ്ര മോദി കൊടുക്കുകയും എല്ലാ

സംസ്ഥാനങ്ങളും നടപ്പാക്കിയശേഷം ആ ക്രെഡിറ്റ് ഞങ്ങൾക്ക് നൽകുന്നില്ലെന്നാണ് ബി.ജെ.പി.-യുടെ വിലാപം. ഇവിടെ എനിക്ക് ഒരു കാര്യം പറയാനുള്ളത്, തിരുവനന്തപുരം നഗരസഭയുടെ ഒരു കൗൺസിലർ നമ്മുടെ ഒരു പദ്ധതി വന്നപ്പോൾ, അങ്കണവാടികളിൽ പാലും മുട്ടയും കൊടുക്കുന്ന പ്രോജക്ടിന് അദ്ദേഹം ഒരു പോസ്റ്റ് ഇട്ടു. ഇത് ശ്രീ. നരേന്ദ്ര മോദിയുടെ അക്ഷയ പാത്രം പദ്ധതി വഴി നടപ്പാക്കുന്ന ഒരു സ്കീമാണെന്ന് കാണിച്ചാണ് പോസ്റ്റിട്ടത്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഫേയ്സ്ബുക്കിന്റെ ഫാക്ട് ചെക്ക് ടീം ഇങ്ങനെയൊരു പദ്ധതി കേന്ദ്ര ഗവൺമെന്റിനില്ലെന്ന് പോസ്റ്റിന് അടിയിൽ ഒരു കമന്റിട്ടു. അത് ഇപ്പോഴും അദ്ദേഹത്തിന്റെ ഫേയ്സ്ബുക്ക് പോസ്റ്റിൽ കാണാൻ സാധിക്കും. അത് ആരാണെന്ന് ഞാൻ പറയുന്നില്ല. ഇതേ പ്രചരണമാണ് കോൺഗ്രസ്സുകാർ ഇവിടെ അഴിച്ചുവിടുന്നത്. ഇന്നലെ ശ്രീ. റോജി എം. ജോൺ അടിയന്തര പ്രമേയം അവതരിപ്പിച്ചത് ഏറ്റവും കൂടുതൽ ഷെയർ ചെയ്തത് ബി.ജെ.പി.-കാരാണ്. ബി.ജെ.പി.-ക്കാരുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലടക്കം ആ പ്രസംഗമാണ് പോകുന്നത്. കാരണം, അവരുടെ പ്രചരണത്തിന് സമാനമാണ് ഇവിടെയുള്ള യു.ഡി.എഫ്.-കാർ നടത്തുന്ന പ്രചരണം. നിങ്ങൾ

മനസ്സിലാക്കേണ്ടത്, കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലടക്കം സംസ്ഥാനങ്ങളുടെ ഫണ്ട് കുറച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാര്യം പ്രത്യേകിച്ച് നമ്മൾ പറഞ്ഞല്ലോ; ഓരോ സംസ്ഥാനങ്ങളിലും ബി.ജെ.പി. അല്ല ഭരിക്കുന്നതെങ്കിൽ അവിടെ കൃത്യമായ രാഷ്ട്രീയ വിവേചനം കാണിച്ച് ഫണ്ട് കുറച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എന്താണ് അത് ശ്രദ്ധിക്കാത്തത്? നിപയും കോവിഡും പോലുള്ള നിരവധി സന്ദർഭങ്ങളെ നേരിട്ടുകൊണ്ടാണ് ഈ കൊച്ചു കേരളത്തെ മുന്നോട്ടുനയിക്കേണ്ടത്. നമ്മുടെ സർക്കാർ സാമ്പത്തിക ദൃഢത ഉറപ്പുവരുത്താനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആ ഇടപെടലിന്റെ ഭാഗമായല്ലേ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായത്? ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ധനകാര്യ വകുപ്പുമന്ത്രിയെ ഉപദേശിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്, ഈ ദുരന്തസാഹചര്യങ്ങളെ നേരിട്ടുകൊണ്ടല്ലേ കേരളം സാമ്പത്തികമായി വളർച്ച നേടിയതും നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കിയതും. ജി.എസ്.ടി. കോമ്പൻസേഷൻ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. കേരളത്തിന്റെ മൊത്തം വരുമാനത്തിൽ, 2020-21-ൽ 44 ശതമാനം കേന്ദ്ര വിഹിതമുണ്ടായിരുന്നു.

2021-22-ൽ അത് 40 ശതമാനമായി കുറഞ്ഞു. 2022-23-ൽ അത് 34 ശതമാനമായി കുറഞ്ഞു. 2023-24-ൽ അത് 29 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. അത് നിങ്ങൾ എന്താണ് ചൂണ്ടിക്കാണിക്കാത്തത്; കേന്ദ്ര വിഹിതം എന്നത്, അവരുടെ ഏതെങ്കിലും വിഹിതമായി തരുന്നതാണോ; കേരളത്തിലെ ഓരോ ജനങ്ങളും കൊടുക്കുന്ന നികുതി ഷെയറിന്റെ വിഹിതമാണ് സംസ്ഥാനങ്ങൾ ചോദിക്കുന്നത്. അത് നമ്മുടെകൂടി അവകാശമാണെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അത് പറയാനും പിടിച്ചുവാങ്ങാനും കഴിയണമെന്നല്ലേ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചത്. അപ്പോൾ അതിനെ അനുകൂലിക്കാൻ തയ്യാറായില്ലെന്നത് വളരെയധികം ഖേദമുണ്ടാക്കുന്ന കാര്യമാണ്. മലയാളികളെ വഞ്ചിക്കുന്ന സമീപനമാണ് യു.ഡി.എഫ്. എടുക്കുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെയെല്ലാം ബി.ജെ.പി. നൽകുന്നുവെന്നാണ് പറയുന്നത്. എന്താണ് യഥാർത്ഥ വസ്തുത; എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പകുതി ഷെയർ സംസ്ഥാന ഗവൺമെന്റിന്റേതാണ്. ഉദാഹരണമായി, അമൃത് പദ്ധതിയുടെ 50 ശതമാനം സംസ്ഥാന വിഹിതമാണ്. സ്മാർട്ട് സിറ്റി പദ്ധതിക്ക് 1500 കോടി

രൂപയാണ്. അതിൽ 500 കോടി രൂപ മാത്രമാണ് കേന്ദ്രം തരുന്നത്. ബാക്കി പണം മുഴുവൻ സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. എല്ലാ പദ്ധതികൾക്കും പകുതിയിലടക്കം പണം മുടക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ആ വസ്തുത അംഗീകരിക്കാതെയാണ് പലരും വർത്തമാനം പറയുന്നത്. കേന്ദ്രത്തിൽനിന്നും യു.ജി.സി. ഗ്രാന്റായി 750 കോടി രൂപയും ഹെൽത്ത് ഗ്രാന്റായി 174 കോടി രൂപയും ഇന്ദിരാഗാന്ധി വികലാംഗ-വിധവ-വാർദ്ധക്യ പെൻഷനായി 521 കോടി രൂപയും സിറ്റി ഗ്രാന്റുകളുടെ ഇനത്തിൽ 51 കോടി രൂപയും കാപ്പിറ്റൽ ഇൻവെസ്റ്റുമെന്റ് സ്പെഷ്യൽ അസിസ്റ്റന്റ്സ് ഗ്രാന്റായി 1925 കോടി രൂപയും ഫുഡ് സെക്യൂരിറ്റി ഗ്രാന്റായി 256 കോടി രൂപയും ലഭിക്കാനുണ്ട്. ഇതിനുപുറമേ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെയടക്കം വിഹിതം വെട്ടികുറച്ചില്ലേ; താങ്ങുവില സഹായ പദ്ധതിയിലൂടെ പണം നൽകിയിട്ടുണ്ടോ; സ്കൂൾ ഉച്ചഭക്ഷണത്തിന് പണം നൽകിയിട്ടുണ്ടോ; നിരവധി ഗ്രാന്റുകൾ സംസ്ഥാന ഗവൺമെന്റുകൾക്ക് വെട്ടികുറച്ചു. അത് കേരളത്തിൽ മാത്രമല്ല. നേരത്തെ പറഞ്ഞ ശ്രീ. കെ. സിദ്ധരാമയ്യ ഗവൺമെന്റിനും പണം കിട്ടാത്ത സാഹചര്യമുണ്ട്. ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിക്കാനായി ഞാൻ ഈ അവസരം

ഉപയോഗിക്കുകയാണ്. കേരളം നേടിയിട്ടുള്ള നേട്ടങ്ങളെപ്പോലും ഫണ്ട് കുറയ്ക്കാനുള്ള കാരണമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. എം. മണി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് ചെയ്യുന്ന ജനോപകാരപ്രദവും ജനക്ഷേമകരവുമായ പരിപാടികളുടെ ആകെ തുകയുടെ പ്രതിഫലനമാണ് ഈ ധനവിനിയോഗ ബില്ലെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സംസാരിച്ച യു.ഡി.എഫ്.-ന്റെ പ്രിയപ്പെട്ട സ്നേഹിതന്മാർ കർണ്ണാടകത്തിലേയ്ക്ക് നോക്കൂ, അവിടെയുള്ള കാര്യങ്ങൾ നോക്കൂ എന്നൊക്കെ ഇവിടെ പറഞ്ഞു. ഒന്നുമല്ലെങ്കിൽ നമ്മുടെ നാടിനോട് കുറച്ചെങ്കിലും കൂറ് തോന്നണ്ടേ; കേരളീയരായ, മലയാള ഭാഷ സംസാരിക്കുന്ന, ഇവിടെ പ്രവർത്തിക്കുന്ന നമ്മൾ, കേരളമെന്ന് കേട്ടാൽ അഭിമാനം തോന്നണമെന്നാണ് കവികൾതന്നെ പാടിയിരിക്കുന്നത്. അതെല്ലാം മറന്ന് കർണ്ണാടകയെ നോക്കണമെന്ന് പറഞ്ഞാൽ ഹൊ! എന്തൊരു തൊലിക്കട്ടിയാണ്. ഈ നാടിനോട് കൂറും അഭിമാനവുമില്ലാത്ത ഏത് സംസ്ഥാനമാണ്

ഇന്ത്യയിലുള്ളത്. കേരളത്തോടൊപ്പം; സാംസ്കാരിക പുരോഗതിയിൽ, ജനങ്ങളുടെ ഐക്യത്തിൽ, വർഗ്ഗീയ ലഹളയില്ലാത്ത, ന്യൂനപക്ഷ സംരക്ഷണം ഉറപ്പാക്കുന്ന, ഏത് സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്. നെഹ്റുവിന്റെ സംസ്ഥാനം മുതൽ ശ്രീ. രാഹുൽ ഗാന്ധിയുടെ സംസ്ഥാനമുൾപ്പെടെ സാക്ഷാൽ ഇന്നത്തെ പ്രധാനമന്ത്രിയുടെ സംസ്ഥാനം വരെ ന്യൂനപക്ഷങ്ങളെ കശാപ്പ് ചെയ്തുകൊണ്ടിരിക്കുമ്പോൾ കേരള സംസ്ഥാനത്ത് ഇന്ത്യയിൽ വർഗ്ഗീയ ലഹള നടത്താത്ത സംസ്ഥാനം ഏതെന്ന് ചോദിച്ചാൽ ഓർമ്മശക്തിയുള്ള കൊച്ച് കുട്ടിപോലും പറയും ഈ കേരള സംസ്ഥാനമാണെന്നും കേരളം വേറിട്ടാണെന്നും. അത് മനസ്സിലാക്കാതെ ഞങ്ങളുടെ കർണ്ണാടകത്തിലേയ്ക്ക് നോക്കൂ, നെഹ്റുവിന്റെ നാടായ യു.പി.-ലേയ്ക്ക് നോക്കൂ എന്നുപറഞ്ഞാൽ അതിനെപ്പറ്റി ഞാൻ എന്ത് പറയാനാണ്. മലയാള ഭാഷയിൽ പറയുമ്പോൾ പാർലമെന്ററി വ്യവസ്ഥ ഞാൻ മറന്നുപോകും. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങൾക്കും ചൂണ്ടിക്കാണിക്കാൻ സാധിക്കുന്ന തരത്തിലുള്ള കേരളത്തിലെ സംഭാവനകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സംഭാവനയുമുണ്ട്. ഞങ്ങൾ അധികാരത്തിലുള്ളതുകൊണ്ടുതന്നെ, നിങ്ങൾ

അധികാരത്തിൽ വന്നാലും എന്തെങ്കിലും ചെയ്യാതെ നിങ്ങൾക്കും പോകാൻ സാധിക്കില്ല. ഞങ്ങൾ ഇവിടത്തെ സാമൂഹിക പുരോഗതിക്കുവേണ്ടി എന്നും പൊരുതിയിട്ടുള്ളതുകൊണ്ട് നിങ്ങൾ അധികാരത്തിൽ വന്നാലും എന്തെങ്കിലും ചെയ്യാതെ നിങ്ങൾക്കും പോകാൻ സാധിക്കില്ലെന്ന അവസ്ഥ കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക അന്തരീക്ഷത്തിൽ ഉണ്ടെന്നുള്ളത് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ പുരോഗതി കൈവരിക്കുന്നതിൽ ഇടതുപക്ഷ ഗവൺമെന്റും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഇ.എം.എസ്.-ന്റെ ഗവൺമെന്റിന്റെ കാലം മുതൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തോട് പകരം വയ്ക്കാൻ ജവഹർലാൽ നെഹ്റുവിന്റെ നാടിനും ഇന്നത്തെ പ്രധാനമന്ത്രിയുടെ നാടിനും മറ്റ് ഇന്ത്യയിലെ ഒരു സംസ്ഥാനങ്ങൾക്കും സാധിക്കില്ല. കേരളം വേറിട്ടൊരു നാടാണ്. ശ്രീനാരായണ ഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും അയ്യങ്കാളിയുടെയും നാടായ ഇവിടെ പ്രത്യേക അന്തരീക്ഷമാണുള്ളത്. ഈ സത്യങ്ങൾ മറച്ചുവച്ച് അയൽസംസ്ഥാനത്തേയ്ക്ക് നോക്കുന്നത് ഏറ്റവും മോശം പണിയാണ്. അതുകൊണ്ട് ഞാൻ ഇത്തരം കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ഞങ്ങൾക്ക് തുടർഭരണം ലഭിച്ചത് ആരുടെയും സൗജന്യം കൊണ്ടല്ല.

ചരിത്രത്തിൽ ഇതുവരെ ലഭിച്ചിട്ടില്ലാത്ത തുടർഭരണം ഇപ്പോൾ ലഭിച്ചിട്ടുണ്ടെങ്കിൽ, 2016-ൽ അധികാരത്തിൽ വന്ന പിണറായി വിജയൻ ഗവൺമെന്റ് നൽകിയ ക്ഷേമ പ്രവർത്തനത്തിന് ജനങ്ങൾ നൽകിയ അംഗീകാരമാണ്. അത് നിങ്ങൾ ഉൾക്കൊള്ളുകയല്ലാതെ വേറെ പോംവഴിയൊന്നുമില്ല. ഇത് അംഗീകരിക്കാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ ദൗത്യം നിറവേറ്റാതെ ഒരു നിലയിലും മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്. നയങ്ങളെ പ്രതിഫലിപ്പിക്കുന്ന ജനക്ഷേമകരമായ ഒന്നാണ് ബഡ്ജറ്റ്. ഓരോ ധനാഭ്യർത്ഥനകളും ആ നിലയിൽ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഇരിക്കുന്ന എല്ലാ അംഗങ്ങൾക്കും നമ്മുടെ നാടിനെപ്പറ്റി അഭിമാനിക്കാമെന്നാണ് എനിക്ക് തോന്നുന്നത്. വർഗ്ഗീയത നടക്കാത്ത സംസ്ഥാനവും സാമൂഹിക പുരോഗതിയുള്ളവരും വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റമുള്ളവരും ജനങ്ങൾ തമ്മിൽ ഐക്യമുള്ളതും ഈ കേരളത്തിലാണ്. അതിൽ ഭരണപക്ഷത്തുള്ളവർക്കും പ്രതിപക്ഷത്തുള്ളവർക്കും അഭിമാനിക്കാൻ

വകയുണ്ട്. ആ വസ്തുത മറച്ചുവച്ച് അയൽവക്കത്തേയ്ക്ക് നോക്കൂ, കർണ്ണാടകത്തിലേയ്ക്ക് നോക്കൂ എന്ന് പറയുന്നത് ശരിയല്ല. നിങ്ങൾ പ്രതിപക്ഷത്തിരിക്കാനും ഞങ്ങൾ ഭരണപക്ഷത്ത് ഇരിക്കാനും ജനങ്ങൾ വിധിച്ചതാണ്. സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കണം. നിങ്ങൾ നാളെ ഭരണപക്ഷത്ത് വന്നാലും ഞങ്ങൾക്ക് നിങ്ങളെ ഉൾക്കൊള്ളുകയല്ലാതെ വേറെ വഴിയില്ല. അത് സഹിക്കുകയല്ലാതെ എന്താണ് പോംവഴി? ജനാധിപത്യ സംവിധാനത്തിൽ മറ്റുമാർഗ്ഗങ്ങളില്ല. അത് നിങ്ങൾ മനസ്സിലാക്കി ക്രിയാത്മകമായ നിലപാടാണ് സ്വീകരിക്കേണ്ടതെന്ന്. അതല്ലാതെ നിഷേധാത്മകമായ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നതെങ്കിൽ അതിനെതിരെ ശക്തമായ പ്രതികരണം ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന നിലയിൽ ഞങ്ങൾക്ക് നടത്തേണ്ടിവരും. അത് ഇവിടത്തെ സ്വൈര്യ ജീവിതത്തിന് തടസ്സമായിത്തീരുമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. അതൊന്നും എൽ.ഡി.എഫ്. ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു നിലയിലും ആഗ്രഹിക്കുന്നില്ല. പത്ത് വർഷത്തേയ്ക്ക് നിങ്ങൾ അധികാരത്തിൽ വരാൻ യാതൊരു സാധ്യതയുമില്ല. അടുത്ത ഇലക്ഷനിൽ

നമുക്ക് നോക്കാം. അതുകൊണ്ട് ഞങ്ങളുടെ കൂടെ സഹകരിക്കുക. നിങ്ങളെ സഹകരിപ്പിക്കാനുള്ള നിലപാട് അതനുസരിച്ച് എടുക്കേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്. രാജ്യം മുഴുവൻ വർഗ്ഗീയവാദികൾ കയ്യടക്കി മനുഷ്യനെ കശാപ്പ് ചെയ്തുകൊണ്ടിരിക്കുന്നു. ആ കശാപ്പുകാരുടെ കയ്യിൽ ഇന്ത്യ പെട്ടിരിക്കുമ്പോൾ അതൊക്കെ മറന്ന് ഇവിടെ മുസ്ലീം ലീഗുകാർ ഈ പണി ചെയ്യുന്നത് അങ്ങേയറ്റം മോശകരമാണെന്നകാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കർണ്ണാടകയിലെ ഓപ്പറേഷൻ ലോട്ടസിനെക്കുറിച്ച് എന്റെ സുഹൃത്ത് ബഹുമാന്യനായ വട്ടിയൂർക്കാവ് അംഗം ഇവിടെ സംസാരിച്ചു. ഇന്ത്യയിലെ പ്രത്യേക സാഹചര്യത്തിൽ ഭരണകൂടം ഫാസിസ്റ്റ് നിലപാടുകൾ ആവർത്തിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ കർണ്ണാടകയിലെ തെരഞ്ഞെടുപ്പ് വിജയം കോൺഗ്രസ്സിന് മാത്രമായിരുന്നില്ല, ഇന്ത്യയിലെ മതനിരപേക്ഷ കക്ഷികൾക്കെല്ലാം ആവേശം നൽകിയ ഒന്നാണ്. അതുകൊണ്ടാണ് ശ്രീ. സീതാറാം യെച്ചൂരി

ഉൾപ്പെടെയുള്ളവർ ശ്രീ. കെ. സിദ്ധരാമയ്യയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തത്. അങ്ങനെ ഏറ്റവും ആവേശത്തോടെ വിജയം നേടിയ കർണ്ണാടകത്തിൽ ബി.ജെ.പി. ഗവൺമെന്റ് ഉടൻ വരുമെന്ന് വട്ടിയൂർക്കാവ് അംഗത്തെ പോലുള്ള ഒരു യുവ അംഗം ആഗ്രഹിക്കുകയാണെന്ന് പറയുമ്പോൾ അത് വളരെ നിർഭാഗ്യകരമാണെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത കാര്യമാണ് അങ്ങ് പറഞ്ഞത്. കർണ്ണാടകത്തിലേയ്ക്ക് നോക്കാനാണ് ശ്രീ. എം. എം. മണിയും ശ്രീ. എ. കെ. എം. അഷ്റഫും പറഞ്ഞത്. മുമ്പ് കമ്മ്യൂണിസ്റ്റുകാർ ചൈനയിലേയ്ക്കും പോളണ്ടിലേയ്ക്കും നോക്കുവെന്ന് ആവർത്തിച്ച് പറയുമായിരുന്നു. പിന്നീട് പറഞ്ഞത് ബംഗാളിലേയ്ക്കും ത്രിപുരയിലേയ്ക്കും നോക്കുവെന്നാണ്. ഇപ്പോൾ എവിടെയ്ക്കും നോക്കാനില്ല, കേരളത്തിലേയ്ക്ക് നോക്കാൻ മാത്രമെ നിങ്ങൾക്ക് ഗതിയുള്ളൂ. നിങ്ങളുടെ കാഴ്ചപ്പാട് മാറ്റണം. ഈ നാട്ടിലെ കാര്യം മാത്രമല്ല, ലോകത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും നമ്മൾ അറിയണം, ചിന്തിക്കണം, കാര്യങ്ങൾ ചർച്ച ചെയ്യണം. ഇപ്പോൾ നിങ്ങൾ ഒരിടത്തെ കാര്യത്തെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. കർണ്ണാടകത്തിലെ കാര്യം ചർച്ച ചെയ്യുന്നതിൽ ഇത്രമാത്രം അസ്വസ്ഥത കാണിക്കേണ്ട കാര്യമെന്താണ്;

ഞാൻ അതുസംബന്ധിച്ച് കൂടുതൽ പറയുന്നില്ല. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞത്, ഞങ്ങൾ ബി.ജെ.പി.-യുമായി പിണങ്ങേണ്ടെന്ന നിലപാടിലാണെന്നാണ്. ആരാണ്? കോൺഗ്രസ്സുകാർ; നിങ്ങൾ ഒന്ന് ആലോചിച്ച് നോക്കണം. പാർലമെന്റിന് അകത്തും പുറത്തും ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്തുനോക്കി അദാനിയുമായുള്ള ബന്ധം, അഴിമതി നടത്തുന്ന നിലപാട്, മണിപ്പൂരിലെ പ്രശ്നങ്ങൾ, ഹരിയാനയിലെ പ്രശ്നങ്ങൾ എന്നിവയെല്ലാം ഉച്ചത്തിൽ പറയുന്ന ശ്രീ. രാഹുൽ ഗാന്ധി നയിക്കുന്ന കോൺഗ്രസ്സിനെ നോക്കിക്കൊണ്ടാണ് നിങ്ങൾ ബി.ജെ.പി.-യെ പിണക്കേണ്ടെന്ന് കരുതിയിട്ടാണെന്ന് പറയുന്നത്. ബി.ജെ.പി.-യുമായി ഏതെങ്കിലും തരത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കോൺഗ്രസ്സിന് സാധിക്കുമോ; അത് ഒരോ ദിവസവും ഇന്ത്യയിൽ ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയെ പോലുള്ള ഞങ്ങളുടെ നേതാവിനെതിരെ എടുത്ത നിലപാടുകൾ എന്താണ്; അദ്ദേഹത്തെ പാർലമെന്റിൽനിന്ന് പുറത്താക്കുന്നതിന് ജുഡീഷ്യറിയെ പോലും കൂട്ടുപിടിച്ച ഒരു സാഹചര്യമുണ്ടായിരുന്നു. അങ്ങനെയുള്ള ഞങ്ങളുടെ മുഖത്തുനോക്കിയാണ്

ബി.ജെ.പി.-യെ പിണക്കേണ്ടെന്ന് നിങ്ങൾ പറയുന്നത്. അതാണ് ഞങ്ങൾക്ക് നിങ്ങളോട് പറയാനുള്ളത്. ഞങ്ങളും നിങ്ങളും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഒരു കാര്യത്തിൽ മാത്രമാണ്. ബി.ജെ.പി.-യുമായി ബന്ധപ്പെട്ട കാര്യത്തിൽ നിങ്ങൾ പറയുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. അതിൽ യാതൊരു സംശയവും വേണ്ട. അത് ഓരോന്നും എടുത്തുപറയേണ്ട കാര്യവുമില്ല. രാഷ്ട്രീയ കാര്യത്തിലായാലും സാമ്പത്തിക കാര്യത്തിലായാലും ഞങ്ങൾ ഇതിന് എതിരാണ്. ധനകാര്യ കമ്മീഷൻ... 1.92 ശതമാനത്തിലേയ്ക്ക് എത്തിയെന്ന കാര്യമെല്ലാം ഇവിടെ പറഞ്ഞല്ലോ; അത്തരം കാര്യങ്ങളോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ജനസംഖ്യാ നിയന്ത്രണം കേരളം ശക്തമായി നടത്തിയതിന്റെ പേരിൽ നമുക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്നതിന് ഞങ്ങൾ എതിരാണ്. അത് എവിടെയും പറയാൻ ഞങ്ങൾ തയ്യാറാണ്. അതുപോലെ ഇന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ അളവ് കുറയ്ക്കുന്നതിലും ഞങ്ങൾ എതിരാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 75:25 ശതമാനം - ആനുപാതികമായി കേരളത്തിന് ആനുകൂല്യങ്ങൾ വേണമെന്നുള്ള

നിലപാടിന് ഞങ്ങൾ അനുകൂലമാണ്. കേന്ദ്രനിലപാടിന്റെ ഇത്തരം കാര്യങ്ങളിലൊക്കെ ഞങ്ങൾ എതിരാണ്. ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസമെന്നു പറയുന്നത്, പഴയകാലത്തുണ്ടായിരുന്നതുപോലെ കമ്പിയും കത്തും നിവേദനവും അയച്ചാൽമതിയെന്ന നിലപാടാണ് ഇപ്പോഴും നിങ്ങൾക്കുള്ളത്. ശക്തമായ പോരാട്ടം അതിനുവേണ്ടി നടത്തണമെന്നാണ് ഞങ്ങളുടെ നിലപാട്. അതുകൊണ്ടാണ് ഞങ്ങൾ ഇന്നലെ സംസാരിച്ചപ്പോൾ ചോദിച്ചത്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും, എം.പി.-മാരും ഉൾപ്പെടെ ഡൽഹിയിൽ പോയി ബി.ജെ.പി.-ക്ക് എതിരെ നിങ്ങൾ മുമ്പ് നടത്തിയതുപോലുള്ള സമരങ്ങൾ നടത്താൻ തയ്യാറാണോയെന്ന്. അപ്പോഴാണ് നിങ്ങൾ കമ്പിയും കത്തും നിവേദനവും അയയ്ക്കാമെന്ന് പറയുന്നത്. അവിടെയാണ് നിങ്ങളും ഞങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളത്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ പലതും ചെയ്യുന്നില്ല. പല കാര്യങ്ങൾക്കും നമ്മളോട് ചിറ്റമ്മ നയം കാണിക്കുന്നു. പക്ഷെ, നിങ്ങളുടെ സമീപനമെന്താണ്? ഇപ്പോൾത്തന്നെ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, ഇപ്രാവശ്യത്തെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 8000 കോടി രൂപ പ്രതീക്ഷിച്ചുവെന്നാണ് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി പലപ്പോഴും പറയുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. എങ്ങനെയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി 8000 കോടി രൂപ പ്രതീക്ഷിച്ചത്? അങ്ങയുടെ മറുപടിയിൽ അതുകൂടി പറയണം. ധനകാര്യ കമ്മീഷൻ 5 വർഷത്തേയ്ക്ക് അമ്പതിനായിരത്തിലധികം കോടി രൂപ നമുക്ക് തരാൻ തീരുമാനിച്ചു. അത് ഓരോ വർഷവും ഇത്ര സ്ലാബിൽ, ഇത്ര കോടി രൂപയെന്നുള്ളത് ഇനി തീരുമാനിക്കും. അതനുസരിച്ച് നമുക്ക് 4500 കോടി രൂപയോളമാണ് ഇപ്രാവശ്യമുള്ളത്. അത് ഈ വർഷത്തോടുകൂടി അവസാനിക്കുമെന്ന് അങ്ങേയ്ക്ക് അറിയാം. പിന്നെ എങ്ങനെയാണ് 8000 കോടി രൂപ അങ്ങ് പ്രതീക്ഷിച്ചത്. അതുപോലെ ജി.എസ്.ടി. കോമ്പൻസേഷനെക്കുറിച്ച് എന്താണ് പറയുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ചുവർഷം മതിയെന്ന് ജി.എസ്.ടി. കൗൺസിലിൽ പറഞ്ഞതാരാണ്? ഞങ്ങൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നു. ജി.എസ്.ടി. കൗൺസിൽ നടപ്പാക്കുന്ന സമയത്ത് ജി.എസ്.ടി. കോമ്പൻസേഷന് അഞ്ചുവർഷം മതിയെന്ന് ഡോ. തോമസ് ഐസക് ആവേശത്തോടുകൂടി പറഞ്ഞില്ലേ? ഞങ്ങൾ അതിനുമുമ്പ് എല്ലാ കാര്യങ്ങളും നടപ്പാക്കും; പിന്നീട് ഞങ്ങൾ നേരിട്ട് വാങ്ങിയാൽ മതിയെന്നു പറഞ്ഞത്

ഞങ്ങളാണോ? അഞ്ചുവർഷംകൊണ്ട് ഇത് തീരുമെന്നത് ആർക്കാണ് അറിയാത്തത്? എന്നിട്ടും അങ്ങ് പറയുന്ന 7200 കോടി രൂപ അതിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ചുവെന്ന്. എങ്ങനെയാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? അഞ്ചുവർഷം മതിയെന്ന് എഴുതിക്കൊടുത്ത നിങ്ങൾ അഞ്ചാമത്തെ വർഷം ആറാമത് പ്രതീക്ഷിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? നിങ്ങൾ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. അത്തരം കാര്യങ്ങളിലാണ് ഞങ്ങൾക്ക് നിങ്ങളോട് അഭിപ്രായ വ്യത്യാസമുള്ളത്. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് കടമെടുക്കുമ്പോൾ അവയെല്ലാം പൊതുകടമെടുപ്പിന്റെ ഭാഗമായി വരുമെന്ന് നിങ്ങൾ പറഞ്ഞു, കിഫ്ബി കടമെടുക്കുന്നു. അത് പൊതുകടമായി കാണുന്നു, അതുപോലെ സാമൂഹ്യ സുരക്ഷാ കമ്പനി രൂപീകരിച്ച് അതിന്റെ ഭാഗമായി കടമെടുപ്പ് വരുന്നുവെന്ന്. കിഫ്ബി കൊണ്ടുവന്നപ്പോൾ ഇത് ഞങ്ങൾ പറഞ്ഞ കാര്യമായിരുന്നു. എന്തുകൊണ്ടാണ്? സ്വാഭാവികമായും ഗവൺമെന്റ് എക്സ്ചെക്കറിൽനിന്നും പണം കൊടുക്കുമ്പോൾ പൊതുകടത്തിന്റെ ഭാഗമായി ഈ വായ്പകളൊക്കെ വരും. ഇൻകം ജനറേറ്റ് ചെയ്യാനുള്ള എന്തെങ്കിലും കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തണമെന്ന് ഡോ. തോമസ് ഐസക്കിനോട്

ഞങ്ങൾ ആവർത്തിച്ച് പറഞ്ഞതാണ്. അങ്ങനെ എന്തെങ്കിലുമൊന്ന്, നമ്മുടെ ബഡ്ജറ്റിന്റെ സഹായത്തോടു കൂടിയല്ലാതെ നമുക്ക് ഈ തിരിച്ചടവ് കഴിയുമെന്നുള്ള രീതിയിൽ നമുക്ക് പറയാൻ കഴിയണമെങ്കിൽ ഇത്തരം കാര്യങ്ങൾ വേണമായിരുന്നു. ഇപ്പോൾ നമ്മൾ പറയുന്നുണ്ടല്ലോ, എൻ.എച്ച്.എ.ഐ. ഒക്കെ കോടിക്കണക്കിന് രൂപയാണ് കടം എടുക്കുന്നത്. പക്ഷെ അവർ എന്തുപറയുന്നു? അവർക്ക് ടോൾ പിരിവുണ്ടെന്ന് അവർ പറയുന്നു. അവർ ഇൻകം ജനറേറ്റ് ചെയ്യുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും ഞങ്ങൾക്ക് അതിനുപുറത്ത് തിരിച്ചടയ്ക്കാൻ കഴിയുമെന്ന് അവർ പറയുന്നു. പക്ഷെ കിഫ്ബിയിൽ ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകൾ കൊണ്ടുവരാൻ ഞങ്ങൾ പറഞ്ഞിട്ടുപോലും നിങ്ങൾ അത് ചെയ്തില്ല. ഇപ്പോൾ നമുക്ക് പൂർണ്ണമായും തിരിച്ചടവ് എവിടുന്നാണ്? തിരിച്ചടവിന് നമ്മൾ എക്സ്ചെക്കറിനെ ആശ്രയിക്കേണ്ടേ? ഇത്തരം കാര്യങ്ങൾ നിങ്ങൾ ചെയ്തതിലുള്ള ഗുരുതരമായ വീഴ്ചയാണ് ഇത്തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് ഇന്ന് കാരണമായതെന്ന് നിങ്ങൾ തിരിച്ചറിയണം. ഞങ്ങളുടെ വിമർശനങ്ങളെ ക്രിയാത്മകമായി കാണണം. ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെ എതിർക്കാൻ തയ്യാറാണ്. അതോടൊപ്പം

സംസ്ഥാന ഗവൺമെന്റിന്റെ വീഴ്ചകളാണ് ചൂണ്ടിക്കാണിക്കേണ്ടത്. ഇന്നത്തെ സ്ഥിതിയെന്താണ്? സമയ പരിമിതി കൊണ്ടാണോ? പഞ്ചായത്തുകളിൽ സാമ്പത്തിക ബുദ്ധിമുട്ടില്ലെന്ന് ഇന്ന് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയല്ലേ? സാമ്പത്തിക പ്രശ്നങ്ങളുണ്ടെന്ന് ഒരു ഭാഗത്ത് പറയുന്നു, ഞങ്ങൾ എല്ലാം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് മറുഭാഗത്ത് പറയുന്നു. നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? പഞ്ചായത്തുകളിൽ നിങ്ങൾ ഫണ്ട് കൊടുക്കുന്നത് ഇല്ലാതാക്കുന്നു, അവിടത്തെ പ്രവർത്തനങ്ങൾ നിങ്ങൾ നിർത്തലാക്കി, എന്റെ കൈവശം ഒരു ഉത്തരവുണ്ട്. മെയിന്റനൻസ് ഫണ്ട് മുഴുവൻ നിർത്താലാക്കും; ഒരു വർക്കും ഇനി മുന്നോട്ടുപോകരുതെന്നാണ് അതിൽ പറയുന്നത്. പഞ്ചായത്തുകളിൽ നിങ്ങൾ ഫണ്ട് കൊടുക്കുന്നില്ല, ജില്ലാ പഞ്ചായത്തുകളിൽ ഫണ്ട് കൊടുക്കുന്നില്ല. അതുപോലെ എല്ലാ കാര്യങ്ങളിലും നിങ്ങൾ നിയന്ത്രണം ഏൽപ്പിക്കുകയാണ്. പ്ലാൻ സൈസിന്റെ കാര്യത്തിൽ, ഇന്ന് നാൽപ്പതിനായിരം കോടി രൂപ എത്തേണ്ടിടത്ത് ഇപ്പോഴും നമ്മൾ മുപ്പതിനായിരം കോടി രൂപയാണ്. ആ മുപ്പതിനായിരം കോടി രൂപയിൽത്തന്നെ ഓരോ വർഷം കഴിയുന്തോറും അഞ്ചും പത്തും ശതമാനം പ്ലാൻ കട്ട് വരുത്തുകയാണ്. യഥാർത്ഥത്തിൽ ഓരോ വർഷവും നമ്മുടെ

എക്സ്‌പെൻഡിച്ചർ എത്രയാണ് വരുന്നത്? നമ്മുടെ വികസന മുന്നേറ്റങ്ങളെ, കേരളത്തിൽ ഈ സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ട് മുന്നോട്ടുള്ള പ്രയാണത്തെ നിങ്ങൾ തടഞ്ഞുനിർത്തുകയാണ്. ഈ രീതിയിൽ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുമ്പോഴും എല്ലാം ശാന്തമാണ്, എല്ലാം ശരിയാണ്, ഇവിടെ ഒരു പ്രയാസവുമില്ലെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഓണക്കാലത്ത് എവിടെയും വിലക്കയറ്റമുണ്ടായിട്ടില്ലെന്ന് പറയാൻ ധൈര്യം കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങ്. തീർച്ചയായും ഞങ്ങളുയർത്തുന്ന വിമർശനങ്ങളെ അത് ക്രിയാത്മകമായി കണ്ട് ഗവൺമെന്റിന്റെ തെറ്റുതിരുത്തി മുന്നോട്ടുപോകാൻ നിങ്ങൾ ശ്രമിക്കണമെന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇതുസംബന്ധിച്ച് കഴിഞ്ഞദിവസം മൂന്ന് മണിക്കൂർ ചർച്ച ചെയ്തതാണ്. ധനവിനിയോഗ ബില്ലിന്റെ മറുപടി ഒരു മണിക്കൂർകൊണ്ട് തീർക്കേണ്ടതാണ്. കാര്യങ്ങൾ കൂടുതൽ വിശദീകരിക്കേണ്ടതില്ല. കാരണം മിക്കവാറും കാര്യങ്ങൾ

കഴിഞ്ഞദിവസം ചർച്ച ചെയ്തിരുന്നു. പുതിയ കാര്യങ്ങളൊന്നും ഇതിൽ വന്നിട്ടില്ല. പ്രത്യേകമായി കൊടുക്കേണ്ട ചില മേഖലകളെ സംബന്ധിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. അതിന് 44.09 കോടി രൂപയുടെ അഡീഷണൽ ഫണ്ടും ഓതറൈസേഷനും നൽകിയത് ക്രമീകരിക്കുന്നതിനാണ്. ഫ്രഷ് എക്സ്പെൻഡിച്ചറായി 7000 രൂപ വിവിധ ഹെഡ്ഡുകളിലാണ് നൽകിയത്, ഇലക്ഷൻ വകുപ്പിലെ ബൂത്ത് ലെവൽ ഓഫീസർമാർക്കുള്ള ഹോണറേറിയം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന് സ്ഥലമെടുക്കൽ, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് നൽകിയ ലോൺ എഴുതിത്തള്ളുന്നതിന്, ഇലക്ഷൻ ഫോട്ടോ ഐഡന്റിറ്റി കാർഡ് പ്രിന്റ് ചെയ്യുന്നതിനുള്ള പണം, ഹൈക്കോടതി ജഡ്ജിമാർക്ക് വാഹനം വാങ്ങുന്നതിനുള്ള ഹെഡ്, നെയ്യാർ ഡാം ഡെവലപ്മെന്റിന്റെ ഭാഗമായി അവിടത്തെ ടൂറിസം ഡെവലപ്മെന്റിനുള്ള പദ്ധതി, റേഷൻ ഡീലേഴ്സിനുള്ള ഏജന്റ് കമ്മീഷൻ ഇങ്ങനെയുള്ള ചില പ്രത്യേക ഐറ്റങ്ങളിലാണ് വരുന്നത്. ഇതിന്റെ സാങ്കേതികമായ കാര്യമിതാണ്. എപ്പോഴും ബഡ്ജറ്റിന്റെയും അതുപോലെ ധനകാര്യ കാര്യങ്ങളും വരുമ്പോൾ മറ്റ് കാര്യങ്ങൾകൂടി നമ്മൾ സംസാരിക്കുന്നു. കഴിഞ്ഞ നാലുദിവസമായി

നമ്മൾ ചർച്ച ചെയ്ത രാഷ്ട്രീയ കാര്യങ്ങൾതന്നെ വീണ്ടും ഇവിടെ ആവർത്തിച്ചു. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായി നമുക്കെല്ലാം അറിയാം. അതാണ് ഞാൻ ഇന്നലെ പറഞ്ഞത്. ദ്രോണാചാര്യരെ കൊലപ്പെടുത്താൻവേണ്ടി ധർമ്മപുത്രരെക്കൊണ്ട് നുണപറയിപ്പിച്ച സമീപനമാണ് പ്രതിപക്ഷത്തിന്റേത്. അശ്വത്ഥാമാ ഹതഃ കുഞ്ജരഃ. കുഞ്ജര ആനയാണ്; അശ്വത്ഥാമാവ് മരിച്ചു, എന്നിട്ട് രഹസ്യമായി പതുക്കെ പറയുന്നു അത് ആനയാണ്. ആന എന്നത് ആരും കേട്ടില്ല. അതുപോലെയാണ് ഇവിടെയും. എങ്ങനെയും സംസ്ഥാന ഗവൺമെന്റിനെ കടക്കാര്യംപറഞ്ഞുകൊണ്ട് ആക്രമിക്കാൻ പറ്റുമോയെന്ന് നോക്കുകയാണ്. അതിൽ എത്ര പ്രാവശ്യം നമ്മൾ പറഞ്ഞാലും കേരളത്തിന്റെ പൊതുതാല്പര്യമെടുത്തുകൊണ്ട് പറയാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളമെന്ന് നമ്മളാരും പറഞ്ഞതല്ല. 'നീതി ആയോഗ്' ആയാലും മുമ്പ് ശ്രീ. മൻമോഹൻ സിംഗ് ഭരിക്കുന്ന സമയത്തും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് എത്ര മേഖലകളിൽ അവാർഡ് ലഭിച്ചിട്ടുണ്ട്. അന്ന് ഇടതുപക്ഷ ഗവൺമെന്റുള്ളപ്പോൾ, ചില കേന്ദ്ര

മന്ത്രിമാർതന്നെ എന്തിനാണ് ഇത്രയും അവാർഡുകൾ കേരളത്തിന് കൊടുക്കുന്നതെന്ന് പരാതി പറഞ്ഞിട്ടുണ്ട്. കേരളത്തിൽനിന്നും എട്ടുമന്ത്രിമാർ വരെ ഉണ്ടായിരുന്ന ഘട്ടമുണ്ട്. അതിനെക്കാളൊക്കെ ഇന്നത്തെ സാഹചര്യം വളരെ വ്യത്യസ്തമാണ്. കേന്ദ്രം സംസ്ഥാനങ്ങളുടെമേൽ കുറച്ചുകൂടി പിടി മുറുക്കുകയാണ്. ബി.ജെ.പി. വന്നതിനുശേഷം ജനാധിപത്യത്തെ എങ്ങനെയാണ് ധ്വംസിക്കാൻ പോകുന്നതെന്നുള്ള ആശങ്ക നമുക്കെല്ലാമുണ്ട്. 18, 19 തീയതികളിൽ എന്താ നടക്കാൻ പോകുന്നതെന്ന് നമ്മളെല്ലാവരും ഒരുമിച്ച് ചിന്തിക്കുന്ന ആശങ്കാജനകമായ സ്ഥിതിയാണ്. പക്ഷെ അപ്പോഴും സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി മാത്രമാണ് ഇത് ഉപയോഗിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം 64 ശതമാനത്തോളം വരുന്ന വരുമാനംമുഴുവൻ അവർ പിടിച്ചെടുക്കുകയും കർണാടകം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ചെലവാക്കേണ്ടതിന്റെ ഉത്തരവാദിത്ത്വത്തിൽ 63-64 ശതമാനം അവർ ചെലവാക്കേണ്ടി വരുന്നുവെന്ന പ്രശ്നവുമുണ്ട്. അതുകൊണ്ട് കേരളത്തിലെല്ലാം സുഭിക്ഷമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. കേരളത്തിൽ സാമ്പത്തിക പ്രയാസമുണ്ട്. ബുദ്ധിമുട്ടിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി

ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇനിയും എന്തെങ്കിലും കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിൽ നമുക്ക് ഒരുമിച്ച് ചെയ്യാമെന്നാണ് പറഞ്ഞത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കണക്കെടുത്താൽ വരുമാന വർദ്ധനവിന്റെ കാര്യത്തിൽ ഏറ്റവും മുന്നിലെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിൽനിന്നും വിഹിതം വെട്ടിക്കുറയ്ക്കുന്ന പ്രശ്നമാണുള്ളത്. ഒരു ഉദാഹരണം പറയാം, നേരത്തെ യു.പി.എ. ഗവൺമെന്റ് ഉണ്ടായിരുന്നപ്പോൾ 10 ശതമാനമായിരുന്നു സെസ് എന്ന നിലയിൽ സെൻട്രൽ ഗവൺമെന്റിന്റെ വരുമാനം. ആകെയുള്ള വരുമാനത്തിന്റെ 10 ശതമാനം. അത് ഡിവിസിബിൾ അല്ല. ഇപ്പോൾ 20 ശതമാനത്തിലധികമാണ്. 20 ശതമാനമെന്നത് വലിയൊരു തുകയാണ്. ഇങ്ങനെ ചെയ്യുന്ന കാര്യങ്ങളെപ്പെറ്റി നമ്മൾ പറയുന്നില്ല. അതുകൊണ്ട് വീണ്ടും വീണ്ടും ഇവിടെ വന്ന് ഇക്കാര്യങ്ങൾ പറയുകയാണ്. മുസ്ലീം ലീഗിന്റെ അംഗം ഇവിടെ സംസാരിച്ചത് കർണാടകത്തിലെ കാര്യങ്ങളെക്കുറിച്ചാണ്. കർണാടകത്തിലെ കാര്യങ്ങൾ ഓരോന്നും എടുത്തു പറയണ്ടതില്ലല്ലോ. കർണാടകത്തിൽ നേരത്തേയുള്ള കാര്യം പറഞ്ഞു. കർണാടകത്തിൽ നേരത്തേ ഒരു ഗവൺമെന്റ് വന്നു. അത് പോയത് എങ്ങനെയാണെന്ന് ഇവിടെ പറഞ്ഞു. ഓപ്പറേഷൻ ലോട്ടസിന്റെ

കാര്യം പറഞ്ഞു. ഇനിയും ഇതുപോലുള്ള മുറികൾ, റിസോർട്ടുകൾ തയ്യാറാക്കുന്നുണ്ടെന്നുള്ള ആശങ്കൾ പറയുന്നുണ്ട്. എന്തായാലും അത്തരം കാര്യങ്ങളൊന്നും വരാതിരിക്കട്ടെ. എന്തായാലും വർഗ്ഗീയ നിലപാടുകളെ നേരിടുന്നതിന് ഇടതുപക്ഷത്തിന് യു.ഡി.എഫ്.-ന്റെ അത്തരമൊരു സർട്ടിഫിക്കറ്റ് വേണ്ട. പ്രത്യേകിച്ച് ലീഗ് അംഗം അത്തരമൊരു സർട്ടിഫിക്കറ്റിനെക്കുറിച്ച് പറയാൻ പാടില്ലായിരുന്നുവെന്നതാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ കാര്യങ്ങളുമായി ബന്ധപ്പെട്ട് നികുതിയുടെ ഘടനയും കാര്യങ്ങളും ആവർത്തിച്ചു പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗം എ. പി. അനിൽ കുമാറും ഇതേകാര്യങ്ങളാണ് പറഞ്ഞത്. ഇന്ത്യൻ പാർലമെന്റിൽ ശക്തമായ നിലപാട് കോൺഗ്രസ് എപ്പോഴാണ് സ്വീകരിച്ചിട്ടുള്ളത്? ശ്രീ. രാഹുൽഗാന്ധിയെ പുറത്താക്കുന്ന വിധി വന്ന സമയത്താണ് കുറച്ചുശക്തമായത്. അതിനുമുമ്പ് കേരളത്തിൽനിന്നുള്ള ശ്രീ. എളമരം കരീം, ശ്രീ. ബിനോയ് വിശ്വം, ശ്രീ. ശിവദാസൻ അടക്കമുള്ള എം.പി.-മാരല്ലേ പ്രതിഷേധിച്ചിരുന്നത്. അന്ന് കേരളത്തിൽനിന്നുള്ള എം.പി.-മാരെ ആരെയെങ്കിലും സസ്പെന്റ് ചെയ്തോ; കോൺഗ്രസ് എം.പി.-മാർ ആ സമരത്തിൽ പങ്കെടുത്തിരുന്നോ? ഓരോ കാര്യത്തിലും കോൺഗ്രസ്

സ്വീകരിക്കുന്ന നിലപാടുകൾ നമുക്കറിയാം. റബ്ബറിന് ഒന്നും നൽകുന്നില്ലെന്ന് രാവിലെ ഇവിടെയൊരു പരാമർശം വന്നിരുന്നു. റബ്ബറിന് ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ തുക നൽകേണ്ടിവന്നിട്ടുണ്ട്, അത് നൽകുന്നുമുണ്ട്. റബ്ബർ ബോർഡ്‌വഴിയാണ് അതിന്റെ അപേക്ഷ അപ്‌ലോഡ് ചെയ്തുവരുന്നത്. റബ്ബർ ബോർഡ്‌വഴി ഇതുവരെ വന്ന എല്ലാ അപേക്ഷകളുടെയും തുക റിലീസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയായാലും അതിൽനിന്ന് അൽപ്പംപോലും പുറകോട്ടുപോകുന്ന പ്രശ്നമില്ല. ഓരോ വർഷവും വില കൂടിയും കുറഞ്ഞുമൊക്കെ വരും. വിലക്കുറവ് വരുമ്പോഴാണ് കർഷകർക്ക് സപ്പോർട്ട് നൽകേണ്ടിവരുന്നത്. അതുപോലെ എല്ലാ മേഖലയിലും നൽകിക്കൊണ്ടിരിക്കുകയാണ്. അതേസമയം കേന്ദ്ര സർക്കാർ വലിയ തോതിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം മറച്ചുവച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. ഇങ്ങനെയാണ് പോകുന്നതെങ്കിൽ, നമുക്ക് ഒരുമിച്ച്, പാർട്ണർഷിപ്പ് പോലെയാണെങ്കിൽ അതിൽ നമുക്ക് നൽകാമെന്ന് പറഞ്ഞ പണവും കൂടി ഉൾപ്പെടുത്തിയാണ്. അഞ്ച് സഹോദരന്മാരുള്ള ഒരു കുടുംബത്തിൽ മൂത്തസഹോദരൻ ബാക്കിയുള്ള സഹോദരങ്ങൾക്കുള്ളത് നൽകുന്നില്ലെന്ന്

പറഞ്ഞാൽ അവിടെ ഒരു പ്രശ്നമുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള ബന്ധം അങ്ങനെ എടുക്കാമല്ലോ? ഈ മേഖലകളിലെല്ലാം എടുക്കുന്ന കാര്യങ്ങൾ കൃത്യമായി ചെയ്തുകൊണ്ടിരിക്കാനാണ് ശ്രമിക്കുന്നത്.

ഈ സഭയെ പച്ച നുണ പറയുന്ന തരത്തിലേയ്ക്ക് മാറ്റരുത്. എനിക്കുമുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ച് വർഷം മതിയെന്ന് കേന്ദ്രത്തിൽ പോയി പറഞ്ഞുവെന്ന് ഇവിടെ മുൻമന്ത്രിയായിരുന്ന, ഉത്തരവാദിത്തപ്പെട്ട ഒരംഗം പറയുകയുണ്ടായി. അഞ്ച് വർഷം മതിയെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? അഞ്ച് വർഷം മതിയെന്നല്ല, അഞ്ച് വർഷത്തേയ്ക്കാണ് അന്നത്തെ ജി.എസ്.ടി. കൗൺസിലും പാർലമെന്റുംകൂടി തീരുമാനിച്ചത്. ഇപ്പോൾ സവിശേഷമായ ഒരു സാഹചര്യംകൂടി വന്നു. നമ്മൾ ജി.എസ്.ടി. കോമ്പൻസേഷൻ നീട്ടണമെന്ന് പറഞ്ഞത് പ്രളയവും കോവിഡും അടക്കം ഉണ്ടായ സാഹചര്യത്തിലാണ്. ലോകത്തെ മുഴുവൻ സാമ്പത്തിക രംഗത്ത് വലിയ തകർച്ചയുണ്ടായിട്ടും ജി.എസ്.ടി. കോമ്പൻസേഷൻ നീട്ടാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇപ്പോൾ ബി.ജെ.പി. ഭരണം നടത്തുന്ന

സംസ്ഥാനങ്ങൾ അടക്കം ഇക്കാര്യം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുവരെ നീട്ടിതന്നിട്ടില്ലെന്ന പ്രശ്നമാണ് പറഞ്ഞത്. ഇപ്പോൾ ഈ സഭയിൽ ഇല്ലാത്ത ഒരു അംഗത്തെപ്പറ്റി, അദ്ദേഹം ജി.എസ്.ടി. കൗൺസിലിൽ പറഞ്ഞുവെന്ന് പറഞ്ഞ്, പച്ച നുണ പറയാൻപോലും തയ്യാറാകുന്ന തരത്തിലേയ്ക്ക് ഈ ഫ്ലോറിനെ മാറ്റിയത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അങ്ങനെ ചെയ്യാൻ പാടില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതിനെ ഇപ്പോഴും ന്യായീകരിക്കുകയാണ്. കിഫ്ബിയുടെ പൊതുകടത്തിന്റെ കാര്യം, കിഫ്ബി കടമെടുക്കുന്നതിൽ ഒരു വർഷം 3,000 കോടി രൂപയെങ്കിലും തിരിച്ചടയ്ക്കാവുന്ന ഒരു പദ്ധതിയാണ്. ആ പദ്ധതിയുടെ ഭാഗമായി കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും ധാരാളം പുതിയ കാര്യങ്ങൾ ചെയ്യുന്നില്ലേ; നിങ്ങളെല്ലാവരും വ്യക്തിപരമായി കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് പറഞ്ഞിട്ടില്ലേ; അതില്ലാതാക്കുന്ന ഒരു സമീപനം സ്വീകരിക്കുമ്പോൾ വീണ്ടും ആ ന്യായം പറയുന്നത് ശരിയല്ല.

ആർ.&ഡി. ഗ്രാന്റിന്റെ കാര്യം വീണ്ടും ഇവിടെ പറഞ്ഞു. ആർ.&ഡി. ഗ്രാന്റ് ഇപ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല, ലഭിക്കാവുന്ന ഗ്രാന്റുകളുടെ കാര്യം മാത്രമേ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളൂ. അതേസമയം ഈ പ്രാവശ്യം

4,000 കോടി രൂപയാണ് ലഭിക്കാനുള്ളത്. 19,000 കോടി രൂപയിൽനിന്ന് ഓരോ വർഷവും 4,000 കോടി രൂപയിലേയ്ക്ക് കുറഞ്ഞുവരുന്ന പ്രശ്നമാണ് പറഞ്ഞത്. കോമ്പൻസേഷൻ ഗ്രാന്റ് നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ഞങ്ങൾ അടുത്ത സമയം വരെ പ്രതീക്ഷിച്ചിരുന്നത് കേന്ദ്ര ഗവൺമെന്റ് കോമ്പൻസേഷന്റെ പീരീഡ് നീട്ടുമെന്നാണ്. ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് അസന്നിദ്ധമായി തീർത്തൊന്നും പറഞ്ഞിട്ടില്ലെങ്കിലും കാലാവധി ദീർഘിപ്പിച്ചിട്ടില്ല. കോമ്പൻസേഷൻ പീരീഡ് നീട്ടുമെന്ന പ്രതീക്ഷവച്ചുതന്നെയാണ് പറഞ്ഞത്. നമ്മുടെ ആവശ്യമാണ്, അത് തരുന്നില്ല.

പഞ്ചായത്തിന് ഫണ്ട് നൽകുന്നില്ലെന്ന് ഇവിടെ പറഞ്ഞല്ലോ? കഴിഞ്ഞ വർഷം 105 ശതമാനമാണ് പഞ്ചായത്തുകൾക്കുള്ള ചെലവ്. 105 ശതമാനത്തോളം പണം പഞ്ചായത്തുകൾക്ക് നൽകിയ ഒരു സംസ്ഥാനത്തെ സർക്കാരിന്റെ മുഖത്തുനോക്കിയാണ് പഞ്ചായത്തുകൾക്ക് പണം അനുവദിക്കുന്നില്ലെന്ന് നിയമസഭയിൽ പറയുന്നത്. കഴിഞ്ഞ വർഷത്തെ രേഖകൾ പരിശോധിച്ചുനോക്കിക്കോളൂ. ഇന്ന് രാവിലെ ഇവിടെ കൊണ്ടുവന്ന ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ കഴിഞ്ഞ വർഷം വരെയുള്ള രേഖകളാണിത്.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫയലുകൾ ഉയർത്തി കാണിക്കുന്നു.)

ആ പേപ്പർ നമുക്കുണ്ടല്ലോ; ഉത്തരവ് ഇപ്പോഴത്തെയല്ലേ? പൂർത്തിയാക്കിയ വർഷത്തെ കണക്കുകൾ പറയുകയാണ്. 100 ശതമാനത്തിലധികം തുക തദ്ദേശസ്വയംഭരണ വകുപ്പിൽ ചെലവാക്കിയിട്ടുണ്ടെന്ന് ഞാൻ പറയുന്നു. അങ്ങനെ നൽകുമ്പോൾ അവിടെ പണം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങളുടെ പഞ്ചായത്ത് ഭാരവാഹികൾക്കുൾപ്പെടെയുള്ള ആളുകൾക്കറിയാം. ഈ വർഷത്തേത് വരുന്നതല്ലേയുള്ളൂ, എത്ര രൂപ ചെലവായിട്ടുണ്ടെന്ന് അറിയാൻ ഈ വർഷം മാർച്ച് മാസം ആകട്ടെ. പഞ്ചായത്തുകളിൽ നൽകിയിട്ടുള്ള പണത്തിന്റെ കണക്കുകളുണ്ട്. ഇങ്ങനെ നിയമസഭയിൽ വന്ന് നൽകുന്ന പണത്തെ സംബന്ധിച്ച്.... ആശാകിരണം ഉൾപ്പെടെയുള്ള കുറെ കാര്യങ്ങളെക്കുറിച്ച് ഇന്നലെ പറഞ്ഞല്ലോ, കുറച്ച് തുക കുടിശ്ശികയുണ്ടായിരുന്നത് ആശാകിരണം പദ്ധതിയിലാണ്. അതിലെ പ്രധാനപ്പെട്ട കാര്യം മരിച്ചുപോയതുൾപ്പെടെയുള്ളവരുടെ മസ്റ്റർ ചെയ്യുന്നില്ലായിരുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ കുറിപ്പ് നൽകിയിരുന്നതാണ്. ആശാകിരണം പദ്ധതിയുടെ ആഗസ്റ്റ് മാസം വരെയുള്ള എല്ലാ കുടിശ്ശികകളും കൊടുത്തുതീർത്തിട്ടുണ്ട്. അങ്ങനെ കുടിശ്ശിക

തീർത്ത് നൽകാത്ത ഒരു പദ്ധതിയുമില്ല. പക്ഷെ ഇതാണ് കേന്ദ്ര ഗവൺമെന്റിന്റെ അവസ്ഥയെങ്കിൽ സംസ്ഥാനത്തിന്റെ കഴുത്തിന് പിടിച്ച് പോക്കറ്റിലും കയ്യിലുമുണ്ടായിരുന്നതൊക്കെ എടുത്ത്, കളക്ട് ചെയ്യാനുള്ള അവകാശവുമെടുത്ത്, നിങ്ങൾക്ക് തരില്ലെന്ന് പറയുമ്പോഴും പ്രതിപക്ഷം കയ്യടിച്ചോളൂ; സന്തോഷിച്ചോളൂ. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്യാമെന്ന് പ്രതിപക്ഷം വീണ്ടും പറയുന്നുണ്ടല്ലോ? പ്രതിപക്ഷം ഈ മാസം 18, 19, 20 എന്നീ തീയതികളിൽ തീരുമാനിച്ചാൽമതി, നിങ്ങൾ പറഞ്ഞാൽ കേരളത്തിലെ ഇടതുപക്ഷ എം.പി.-മാർ മുഴുവൻ പാർലമെന്റ് വളപ്പിലെ ഗാന്ധി പ്രതിമയ്ക്ക് മുമ്പിൽ ഒരുമിച്ചുനിൽക്കും, പാർലമെന്റ് കൂടുമ്പോൾ കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കാൻ ഒരുമിച്ചുനിൽക്കുമോ? അതുകഴിഞ്ഞ് ബാക്കി ചെയ്യാം. ശ്രീ. രാഹുൽഗാന്ധി കേരളത്തിൽനിന്നുള്ള എം.പി. ആണല്ലോ; ശ്രീ. രാഹുൽഗാന്ധി ദേശീയതലത്തിലെ ഏറ്റവും പ്രധാന നേതാവാണെങ്കിലും അദ്ദേഹം വയനാട്ടിൽനിന്നുള്ള എം.പി. ആണല്ലോ; അദ്ദേഹം ഉൾപ്പെടെ; അദ്ദേഹത്തിന് അന്ന് വരാൻ കഴിയില്ലെങ്കിൽ വരേണ്ടതില്ല. ബാക്കി എല്ലാ എം.പി.-മാരും ഭരണപക്ഷത്തുള്ള എം.പി.-മാരും അവിടെ നിൽക്കാൻ തയ്യാറാണ്. കേന്ദ്ര

ഗവൺമെന്റിന്റെ ഈ നിലപാടുകൾക്കെതിരെ യു.ഡി.എഫ്.-ന്റെ എം.പി.-മാർ നിൽക്കുമോ? ബാക്കി സമരം പിന്നീട് ആലോചിക്കാം. 18-ാം തീയതിയുള്ള സമരത്തിന് ഒരുമിച്ച് നിൽക്കാമെങ്കിൽ ഇടതുപക്ഷത്തിന്റെ എം.പി.-മാരുണ്ടാകുമെന്ന് അവർക്കുവേണ്ടി പറയുകയാണ്. ഈയാഴ്ച നമുക്ക് അവിടെ നിൽക്കാം. ഡൽഹിയിലെ സമരത്തിന് നിൽക്കാം. ഒരു കാര്യം ആളുകൾക്ക് മനസ്സിലാകും ഇതുവരെ ഒന്നും ചെയ്യാൻ തയ്യാറായില്ല, ഇലക്ഷൻ വന്നപ്പോൾ വലിയ വിമർശനം നടത്തിയിട്ട് യു.ഡി.എഫ്.-ന്റെ ... അതുകൊണ്ടാണ് യു.ഡി.എഫ്.-ന്റെ നേതാക്കന്മാർക്ക് ഇപ്പോൾ വലിയ വേദന. ഒപ്പിടാതെ നടന്നതൊക്കെ ജനങ്ങളുടെ മുമ്പിൽ വെളിപ്പെടുകയുണ്ടായി. ഇത്രയും കാലം ഒന്നും ചെയ്തില്ല. ഇനിയെങ്കിലും ചെയ്യാൻ തയ്യാറാകണം. കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിക്കണം. അല്ലാതെ ഇവിടെ വന്ന്..., എല്ലാ സംസ്ഥാനങ്ങളെയും ഞങ്ങൾ ബഹുമാനിക്കുന്നവരും ആദരിക്കുന്നവരുമാണ്. പക്ഷേ കർണ്ണാടകത്തിലെയും രാജസ്ഥാനിലെയും പോലെയാണ് കേരളത്തിലെ നിയമസഭയിൽ ചെയ്യേണ്ടതെന്ന് പറയണ്ട. നല്ല കാര്യങ്ങൾ സ്വീകരിക്കുന്നുണ്ട്. ഏതായാലും അത് പഠിപ്പിക്കാൻ നിൽക്കേണ്ട. കേരളത്തിലുള്ള നല്ല കാര്യങ്ങൾ

പഠിക്കാൻ കർണ്ണാടകയിൽനിന്ന് ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മി.സ്പീക്കർ: 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി.സ്പീക്കർ: 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

പ്രമേയം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.

(നിയമനിർമ്മാണകാര്യം തുടർച്ച.....)